തിരുവനന്തപുരം മേജർ അതിഭദ്രാസന

# ബുള്ളറ്റിൻ

വാല്യം 24 2019 ആഗസ്റ്റ് ലക്കം 8



പരിശുദ്ധ ദൈവമാതാവിന്റെ
ശൂനോയോ പെരുന്നാൾ ആശംസകൾ

ഭാരത സ്വാതന്ത്ര്യദിനാശംസകൾ

സ്നേഹവിരുന്ന്
Free Noon Meal Programme



'സ്നേഹവിരുന്നിന്റെ ആദ്യദിനം': അത്യഭിവന്ദ്യ ബാവാതിരുമേനി ഉച്ചഭക്ഷണം വിളമ്പിനൽകി ആരംഭിക്കുന്നു. (16 – 07 – 2019)





മേജർ അതിഭദ്രാസന അസംബ്ലി അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകുന്നു.
(മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്റർ, നാലാഞ്ചിറ, 23 – 07 – 2019)

## മലങ്കര സുറിയാനി കത്തോലിക്കാസഭ

### തിരുവനന്തപുരം മേജർ അതിഭദ്രാസന

# ബുള്ളറ്റിൻ


വാല്യം 24 2019 ആഗസ്റ്റ് ലക്കം 8



തിരുവനന്തപുരം മേജർ അതിഭദ്രാസന
ബുള്ളറ്റിൻ

# സഭാ വാർത്തകൾ

## ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയുടെ 66-ാം ഓർമ്മപ്പെരുന്നാൾ

ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയുടെ 66-ാം ഓർമ്മപ്പെരുന്നാൾ 2019 ജൂലൈ 15-ന് ആഘോഷിച്ചു. ഓർമ്മപ്പെരുന്നാൾ ആഘോഷത്തിന്റെ ഒരുക്കമായി ജൂലൈ ഒന്നു മുതൽ പതിനാലു വരെയുള്ള ദിവസങ്ങൾ തീർത്ഥാടന-പ്രാർത്ഥനാദിനങ്ങളായി ആചരിച്ചു. ഈ ദിവസങ്ങളിൽ പട്ടം സെന്റ് മേരീസ് കത്തീഡ്രലിലുള്ള ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ കബറിങ്കൽ പ്രത്യേക പ്രാർത്ഥനശുശ്രൂഷകൾ നടത്തപ്പെട്ടു. എല്ലാ ദിവസവും രാവിലെ 9.00 മണി മുതൽ വിവിധ പ്രാർത്ഥനാകൂട്ടായ്മകളുടെ നേതൃത്വത്തിൽ കബറിങ്കൽ പ്രാർത്ഥനാശുശ്രൂഷകൾ നടന്നു. വൈകിട്ട് 5.15-ന് സന്ധ്യാനമസ്കാരവും വി. കുർബാനയും ധൂപപ്രാർത്ഥനയും നേർച്ചവിളമ്പും ഉണ്ടായിരുന്നു.

ജൂലൈ 1-ന് വൈകിട്ട് 5.30-ന് പത്തനംതിട്ട ഭദ്രാസന മെത്രാപ്പോലീത്താ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനി വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. മലങ്കര സഭയിലെ എല്ലാ കുടുംബങ്ങളുടെയും വിശുദ്ധീകരണത്തിന് പരിശ്രമിച്ച വ്യക്തിത്വമാണ് ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനി എന്ന് വചനസന്ദേശത്തിൽ അനുസ്മരിച്ചു. ജൂലൈ 2-ന് സെന്റ് മേരീസ് മലങ്കര മേജർ സെമിനാരിയുടെ രജിസ്ട്രാർ റവ. ഡോ. ജോളി കരിമ്പിൽ വി. കുർബാന ഹിന്ദി ഭാഷയിൽ അർപ്പിച്ച് വചനസന്ദേശം നൽകി. ജൂലൈ 3-ന് റവ. ഡോ. തോമസ് പണിക്കർ മല്പാൻ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. ജൂലൈ 4-ന് റൈറ്റ് റവ. ജേക്കബ് ചുണ്ടക്കാട്ട് കോറെപ്പിസ്കോപ്പാ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. ജൂലൈ 5-ന് സീറോ-മലബാർ ക്രമത്തിൽ അർപ്പിച്ച വി. കുർബാനയ്ക്ക് കാഞ്ഞിരപ്പള്ളി രൂപതാ സഹായമെത്രാൻ അഭിവന്ദ്യ മാർ ജോസ് പുളിയ്ക്കൽ തിരുമേനി മുഖ്യകാർമ്മികത്വം വഹിച്ചു. തന്നോടും ദൈവത്തോടും ഐക്യപ്പെട്ട് ജീവിച്ച ഒരു മിസ്റ്റിക് ആണ് മാർ ഈവാനി

യോസ് തിരുമേനി. ഈ തിരുമേനിയുടെ മാദ്ധ്യസ്ഥം മലങ്കര സഭ യുടെ ഐക്യത്തിനും നവോത്ഥാനത്തിനും കാരണമാകുമെന്ന് വചന സന്ദേശത്തിലൂടെ തിരുമേനി പ്രസ്താവിച്ചു. ജൂലൈ 6-ന് തിരുവ നന്തപുരം മേജർ അതിഭദ്രാസന മുഖ്യ വികാരി ജനറാൾ റൈറ്റ് റവ. മോൺ. ഡോ. മാത്യു മനക്കരക്കാവിൽ കോറെപ്പിസ്കോപ്പാ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

ജൂലൈ 7-ന് ലത്തീൻ ക്രമത്തിൽ അർപ്പിച്ച വി. കുർബാ നയ്ക്ക് നെയ്യാറ്റിൻകര രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ വിൻസെന്റ് സാമുവൽ തിരുമേനി മുഖ്യകാർമ്മികത്വം വഹിച്ചു. സഭകളുടെ ഐക്യം ദൈവജനത്തിന്റെ അജപാലനത്തിനും ദൈവജനത്തിന്റെ വിശുദ്ധീകരണത്തിനും നിദാനമാകാൻ മാർ ഈവാനിയോസ് തിരു മേനിയുടെ പ്രവർത്തനങ്ങൾ സഹായിച്ചു എന്ന് അഭിവന്ദ്യ വിൻസെന്റ് സാമുവൽ തിരുമേനി വചനസന്ദേശത്തിൽ ഓർമ്മിപ്പിച്ചു. ജൂലൈ 8-ന് ബത്തേരി ഭദ്രാസനത്തിന്റെ മുഖ്യ വികാരി ജനറാൾ റൈറ്റ് റവ. മോൺ. മാത്യു അമ്പൻകുടിയിൽ കോറെപ്പിസ്കോപ്പാ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. ജൂലൈ 9-ന് മാർത്താണ്ഡം ഭദ്രാസന വികാരി ജനറാൾ റൈറ്റ് റവ. മോൺ. എസ്. വർഗ്ഗീസ് തമിഴ് ഭാഷയിൽ വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി. ജൂലൈ 10-ന് മൂവാറ്റുപുഴ ഭദ്രാസനാദ്ധ്യക്ഷൻ മോസ്റ്റ് റവ. ഡോ. യൂഹാനോൻ മാർ തെയഡോഷ്യസ് വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. ജൂലൈ 11-ന് സെന്റ് മേരീസ് മലങ്കര മേജർ സെമിനാരി റെക്ടർ വെരി റവ. ഡോ. കുര്യാക്കോസ് തടത്തിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. ജൂലൈ 12-ന് സഭാതല സുവിശേഷസംഘം എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഡോ. ആന്റണി കാക്കനാട്ട് വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി. ജൂലൈ 13-ന് മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ മോസ്റ്റ് റവ. ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. മാർ ഈവാനിയോസ് തിരുമേനിയുടെ ജീവിതം ചരിത്രത്തിൽ അവതീർണ്ണമായത് മാന വകുലത്തിന്റെ നന്മയ്ക്കും ഐക്യത്തിനും കാരണമാകുമെന്ന് തിരു മേനി അനുസ്മരിച്ചു.

2019 ജൂലൈ 10-ന് റാന്നി പെരുന്നാട്ടിലെ കുരിശുമലയിൽ നിന്ന് പ്രധാന പദയാത്ര ആരംഭിച്ചു. അന്നേദിവസം രാവിലെ 6.30-ന്

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷൻ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ വിശുദ്ധ കുർബാന അർപ്പിക്കപ്പെട്ടു. ബത്തേരി ഭദ്രാസന മെത്രാപ്പോലീത്താ അഭിവന്ദ്യ ജോസഫ് മാർ തോമസ് തിരുമേനി, ഗുഡ്ഗാവ് ഭദ്രാസന മെത്രാപ്പോലീത്താ അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് തിരുമേനി, പത്തനംതിട്ട ഭദ്രാസന മെത്രാപ്പോലീത്താ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനി, പുത്തൂർ ഭദ്രാസന മെത്രാപ്പോലീത്താ ഗീവർഗ്ഗീസ് മാർ മക്കാറിയോസ് തിരുമേനി, പൂന-കട്കി എക്സാർക്കേറ്റ് അദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് തിരുമേനി, ബഥനി സന്ന്യാസസമൂഹം സുപ്പീരിയർ ജനറൽ വെരി റവ. ഫാ. ജോസ് കുരുവിള ഒ.ഐ.സി., ബഥനി സന്ന്യാസസമൂഹം നവജീവൻ പ്രൊവിൻഷ്യൽ സുപ്പീരിയർ വെരി റവ. ഡോ. മാത്യു തിരുവാലിൽ ഒ.ഐ.സി., ബഥനി നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീരിയർ വെരി റവ. ഡോ. ജോസ് മരിയദാസ് ഒ.ഐ.സി., നിരവധി വൈദികർ എന്നിവർ സഹകാർമ്മികരായി. വി. കുർബാനയെ തുടർന്ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി പദയാത്ര ആശീർവദിച്ച് ഉദ്ഘാടനം ചെയ്തു.

റാന്നി-പെരുന്നാട് മുതൽ പട്ടത്തെ കബറിടം വരെയുള്ള 150 കിലോമീറ്ററിലധികം വരുന്ന പുണ്യപദയാത്രയിൽ അഭിവന്ദ്യരായ ജോസഫ് മാർ തോമസ്, ജേക്കബ് മാർ ബർണബാസ്, ഗീവർഗ്ഗീസ് മാർ മക്കാറിയോസ്, തോമസ് മാർ അന്തോണിയോസ് എന്നീ തിരുമേനിമാർ ആദ്യാവസാനം പങ്കെടുത്തു. മാവേലിക്കരയിൽ ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ ജന്മഗൃഹത്തിൽ നിന്നും ആരംഭിച്ച പദയാത്രയ്ക്ക് അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനിയും, തിരുവല്ലായിൽ നിന്നും ആരംഭിച്ച പദയാത്രയ്ക്ക് അഭിവന്ദ്യ ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ് തിരുമേനിയും, മൂവാറ്റുപുഴയിൽ നിന്നും ആരംഭിച്ച പദയാത്രയ്ക്ക് അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് തിരുമേനിയും മാർത്താണ്ഡത്ത് നിന്നും ആരംഭിച്ച തീർത്ഥാടന പദയാത്രയ്ക്ക് അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് തിരുമേനിയും പാറശ്ശാലയിൽ നിന്നാരംഭിച്ച പദയാത്രയ്ക്ക് അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് തിരുമേനിയും നേതൃത്വം നൽകി. ഇതോടൊപ്പം വിവിധ ഭദ്രാസനങ്ങൾ,

വൈദികജില്ലകൾ, ഇടവകകൾ എന്നിവയുടെ നേതൃത്വത്തിൽ പ്രാദേശിക തീർത്ഥാടന പദയാത്രകളും നടന്നു.

ജൂലൈ 14-ന് വൈകിട്ട് 5.00-ന് കബറിങ്കൽ എത്തിച്ചേർന്ന പ്രധാന പദയാത്രയെ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയും അത്യഭിവന്ദ്യ ഇബ്രാഹീം സെദ്രാക്ക് പാത്രിർക്കീസ് ബാവാ തിരുമേനിയും സ്വീകരിച്ചു. തുടർന്ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ കബറിങ്കൽ ധൂപപ്രാർത്ഥന നടന്നു. സന്ധ്യാനമസ്കാരത്തെ തുടർന്ന് സഭാതല സുവിശേഷസംഘാംഗങ്ങളുടെ കൈവയ്പ് ശുശ്രൂഷ നടന്നു. വൈകിട്ട് 7.15-ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയുടെയും, ഈ വർഷത്തെ ഓർമ്മപ്പെരുന്നാൾ ആഘോഷങ്ങളുടെ മുഖ്യാതിഥിയായ കോപ്റ്റിക് കത്തോലിക്കാ പാത്രിയർക്കീസ് അത്യഭിവന്ദ്യ ഇബ്രാഹീം ഇസാക്ക് സെദ്രാക്ക് ഗാദ് എൽസായദ് ബാവാ തിരുമേനിയുടെയും അഭിവന്ദ്യ പിതാക്കന്മാരുടെയും പ്രാർത്ഥനാപൂർവ്വമായ നേതൃത്വത്തിൽ മെഴുകുതിരി പ്രദക്ഷിണ നേർച്ച നടത്തപ്പെട്ടു. അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ കത്തീഡ്രൽ മട്ടുപ്പാവിൽ വച്ച് ആഘോഷമായ ശ്ലൈഹീക ആശീർവാദം നടന്നു. അതേത്തുടർന്ന് കബറിങ്കൽ ജാഗരണപ്രാർത്ഥനയും നടന്നു.

2019 ജൂലൈ 15 തിങ്കളാഴ്ച രാവിലെ 8.15-ന് പട്ടം സെന്റ് മേരീസ് കത്തീഡ്രലിന്റെ പ്രധാന കവാടത്തിൽ മുഖ്യാതിഥിയായിരുന്ന ഈ വർഷത്തെ ഓർമ്മപ്പെരുന്നാൾ ആഘോഷങ്ങളുടെ മുഖ്യാതിഥിയായ കോപ്റ്റിക് കത്തോലിക്കാ പാത്രിയർക്കീസ് അത്യഭിവന്ദ്യ ഇബ്രാഹീം ഇസാക്ക് സെദ്രാക്ക് ഗാദ് എൽസായദ് ബാവാ തിരുമേനിയെ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയുടെ നേതൃത്വത്തിൽ സ്വീകരിച്ചു. തുടർന്ന് കബർ ചാപ്പലിൽ നിന്ന് അഭിവന്ദ്യ പിതാക്കന്മാരും വികാരി ജനറൾമാരും കോറെപ്പിസ്കോപ്പാമാരും റമ്പാന്മാരും വൈദികരും അംശവസ്ത്രങ്ങളണിഞ്ഞ് കത്തീഡ്രൽ ദൈവാലയത്തിലേക്ക് പ്രദക്ഷിണമായി നീങ്ങി. കത്തീഡ്രൽ ദൈവാലയ പ്രധാന കവാടത്തിൽ അഭിവന്ദ്യ പിതാക്കന്മാർക്ക് ആരാധനക്രമപരമായ സ്വീകരണം നൽകപ്പെട്ടു. തുടർന്ന് മൂന്നാം മണിയുടെ നമസ്കാരം നടന്നു. അതേത്തുടർന്ന് മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോ

ലിക്കാബാവാ തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ ആഘോഷമായ വിശുദ്ധ കുർബാന നടന്നു. വി. കുർബാന മദ്ധ്യേ അത്യഭിവന്ദ്യ ഇബ്രാഹീം ഇസാക്ക് സെദ്രാക്ക് ഗാദ് എൽസായദ് ബാവാ തിരുമേനി വചനസന്ദേശം നൽകി. ആർച്ചുബിഷപ്പ് അഭിവന്ദ്യ തോമസ് മാർ കൂറിലോസ് തിരുമേനി, അഭിവന്ദ്യരായ ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ജോസഫ് മാർ തോമസ്, ജേക്കബ് മാർ ബർണ്ണബാസ്, വിൻസെന്റ് മാർ പൗലോസ്, സാമുവൽ മാർ ഐറേനിയോസ്, തോമസ് മാർ യൗസേബിയോസ്, ഗീവർഗ്ഗീസ് മാർ മക്കാറിയോസ്, യൂഹാനോൻ മാർ തെയഡോഷ്യസ്, തോമസ് മാർ അന്തോണിയോസ്, യൂഹാനോൻ മാർ ക്രിസോസ്റ്റം, എബ്രഹാം മാർ യൂലിയോസ്, തോമസ് ആദ് മാഹർ സാക്കി എന്നീ തിരുമേനിമാരും, വിവിധ ഭദ്രാസനങ്ങളിലെ വികാരി ജനറൽമാർ, കോറെപ്പിസ്കോപ്പാമാർ, ബഥനി മിശിഹാനുകരണ സന്ന്യാസ സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ വെരി റവ. ഫാ. ജോസ് കുരുവിള പീടികയിൽ, മലങ്കര മേജർ സെമിനാരി റെക്ടർ വെരി റവ. ഫാ. കുരിയാക്കോസ് തടത്തിൽ, പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സ്, മുന്നൂറ്റി ഇരുപത് ബഹു. വൈദികർ എന്നിവർ സഹകാർമ്മികരായിരുന്നു. വി. കുർബാനയ്ക്കിടെ പരിശുദ്ധ ദൈവമാതാവിനോടും വിശുദ്ധന്മാരോടുമുള്ള കുക്കിലിയോനുശേഷം സഭാതല സുവിശേഷസംഘത്തിന്റെ ആറാം ബാച്ചിലെ അംഗങ്ങളായവർക്ക് സുവിശേഷ സംഘത്തിന്റെ പ്രവർത്തനങ്ങൾക്കായുള്ള നിയോഗമേല്പിച്ചുകൊണ്ട് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി വി. ഗ്രന്ഥവും അത്യഭിവന്ദ്യ ഇബ്രാഹീം ഇസാക്ക് സെദ്രാക്ക് ഗാദ് എൽസായദ് ബാവാ തിരുമേനി മെഴുകുതിരിയും നൽകി. വിശുദ്ധ കുർബാനയ്ക്ക് ശേഷം അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി വിശ്വാസിസമൂഹത്തെ അഭിസംബോധന ചെയ്തുകൊണ്ട് സംസാരിച്ചു. തുടർന്ന് കബറിങ്കൽ ധൂപപ്രാർത്ഥനയും നേർച്ചവിതരണവും നടന്നു.

## ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനി ജ്ഞാനിയും വിശ്വസ്തനും: അത്യഭിവന്ദ്യ ഇബ്രാഹീം ഇസാക്ക് സെദ്രാക്ക് ഗാദ് എൽസായദ് ബാവാ തിരുമേനി

ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനി ജ്ഞാനിയും വിശ്വസ്തനും ആയിരുന്നുവെന്ന് കോപ്റ്റിക് കത്തോലിക്കാ പാത്രിയർക്കീസ് അത്യഭിവന്ദ്യ ഇബ്രാഹീം ഇസാക്ക് സെദ്രാക്ക് ഗാദ്

എൽസായദ് ബാവാ തിരുമേനി. ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 66-ാം ഓർമ്മപെരുന്നാളിനോടനുബന്ധിച്ച് പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ നടന്ന വി. കുർബാന മദ്ധ്യേ നൽകിയ വചനസന്ദേശത്തിലാണ് അദ്ദേഹം ഇപ്രകാരം പറഞ്ഞത്. ഐക്യത്തിന്റെ ഭക്ഷണമാണു മാർ ഈവാനിയോസ് തന്റെ ജനത്തിനു നൽകിയത്. തന്നോടും ദൈവത്തോടും ഐക്യപ്പെടാത്ത ഒരു വ്യക്തിക്കും ഈ ഐക്യം യാഥാർത്ഥ്യമാക്കാൻ കഴിയില്ല എന്ന് തിരുമേനി പറഞ്ഞു.

## സുവിശേഷസംഘ ശുശ്രൂഷയ്ക്കായുള്ള കൈവയ്പ് ശുശ്രൂഷ

2019 ജൂലൈ 14,15 തീയതികളിൽ സഭാതലസുവിശേഷസംഘം ആറാം ബാച്ചിന്റെ സുവിശേഷസംഘ ശുശ്രൂഷയ്ക്കായുള്ള കൈവയ്പ് ശുശ്രൂഷ ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ 66-ാം ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് പട്ടം കത്തീഡ്രൽ ദൈവാലയത്തിൽ നടന്നു. വിവിധ ഭദ്രാസനങ്ങളിൽ നിന്നുമായി 67 പേർ കൈവയ്പ് സ്വീകരിച്ചു. 14-ന് കൈവയ്പിനു ഒരുക്കമായുള്ള ധ്യാനം നടന്നു. വൈകുന്നേരം 6.30-ന് കത്തീഡ്രൽ പള്ളിയിൽ വച്ചുനടന്ന സന്ധ്യാനമസ്കാരത്തിനുശേഷം സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവാ തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ ശുശ്രൂഷ നടന്നു. സഭയിലെ അഭിവന്ദ്യരായ മെത്രാപ്പോലീത്താമാർ സഹകാർമ്മികരായിരുന്നു.

ജൂലൈ 15-ാം തീയതി രാവിലെ 8.30-ന് ആഘോഷമായ വി. കുർബാനമധ്യേ കൈവയ്പ് സ്വീകരിച്ചവർ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയിൽനിന്നും വി. ഗ്രന്ഥവും അത്യഭിവന്ദ്യ ഇബ്രാഹീം ഇസാക്ക് സെദ്രാക്ക് ഗാദ് എൽസായദ് ബാവാ തിരുമേനിയിൽ നിന്ന് കത്തിച്ച തിരിയും ഏറ്റുവാങ്ങി, തങ്ങളെത്തന്നെ സുവിശേഷാധിഷ്ഠിത ജീവിതത്തിനും സുവിശേഷ ശുശ്രൂഷയ്ക്കുമായി സമർപ്പിച്ചു.

## സുവിശേഷസംഘ ശുശ്രൂഷയ്ക്കായുള്ള 8-ാം ബാച്ച്

സഭാതലസുവിശേഷസംഘത്തിന്റെ ഏഴാം ബാച്ചിന്റെ പരിശീലനം പൂർത്തിയായി വരുന്നു. 2020 ജനുവരി മാസത്തിൽ 8-ാം ബാച്ചിന്റെ പരിശീലനം ആരംഭിക്കുന്നതുമാണ്. അംഗങ്ങളാകാൻ ആഗ്രഹിക്കുന്നവർ പട്ടം കാതോലിക്കേറ്റ് സെന്ററിലെ സുവിശേഷസംഘ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

## അധ്യാപക സഹായി

മലങ്കര സുറിയാനി കത്തോലിക്കാ സഭാ വിശ്വാസപരിശീലന രംഗത്ത് ഒരു പുത്തൻ കാൽവയ്പ്പുകൂടി വയ്ക്കുന്നു. മതാധ്യാപകർക്ക് അധ്യാപനത്തിന് സഹായകമാകും വിധത്തിൽ ഒരു അധ്യാപകസഹായി പ്രസിദ്ധീകരിക്കുന്നു. വേദപാഠത്തിന് 1 മുതൽ 7 വരെ ക്ലാസ്സുകൾ വരെയുള്ള അധ്യാപക സഹായി വിശ്വാസ പരിശീലനത്തിനുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷന്റെ നേതൃത്വത്തിൽ തയ്യാറാക്കിയിരിക്കുന്നു. ഈ വലിയ സംരംഭത്തിന് നേതൃത്വം നൽകിയത് സുന്നഹദോസ് കമ്മീഷന്റെ ചെയർമാൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ തിരുമേനിയാണ്. സഭാശുശ്രൂഷയിൽ ഇത്രയേറെ ശുഷ്കാന്തിയോടെ വിശ്വാസപരിശീലനത്തെ കാണുന്നുവെന്നത് ശ്ലാഘനീയം തന്നെയാണ്, തിരുമേനിക്ക് പ്രത്യേകം നന്ദി അർപ്പിക്കുന്നു. സിനഡൽ കമ്മീഷന്റെ നേതൃത്വത്തിൽ ബഥനി സിസ്റ്റേഴ്സാണ് ഇത് തയ്യാറാക്കുന്നതിനുള്ള ത്യാഗം ഏറ്റെടുത്തത്. ഇത് സമഗ്രമായി എഡിറ്റ് ചെയ്ത് പ്രസിദ്ധീകരിക്കുവാൻ സഹായിച്ച സുന്നഹദോസ് കമ്മീഷന്റെ സെക്രട്ടറി റവ. ഡോ. ജോർജ്ജ് തോമസ് കൊച്ചുവിളയിലിനും ഇതിന്റെ അണിയറയിൽ പ്രവർത്തിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ! കാതോലിക്കേറ്റ് സെന്ററിൽ നിന്നും ഇതിന്റെ കോപ്പികൾ വാങ്ങാവുന്നതാണ്.

## മലങ്കര കാത്തലിക് മാട്രിമോണി

കുടുംബങ്ങൾക്കു വേണ്ടിയുള്ള സുന്നഹദോസ് കമ്മീഷന്റെ നേതൃത്വത്തിൽ വിവാഹിതരാകുവാൻ ആഗ്രഹിക്കുന്ന മലങ്കര സുറിയാനി കത്തോലിക്കാ സഭാമക്കൾക്ക് അനുയോജ്യരായ വധൂവരന്മാരെ കണ്ടെത്തുന്നതിനായി ഒരു വെബ്സൈറ്റ് 2019 ആഗസ്റ്റ് 1 മുതൽ ആരംഭിക്കുന്നു. www.malankaracatholicmatrimony.com എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

## ഷഷ്ടി പൂർത്തി സ്മാരക സൗജന്യ ഉച്ചഭക്ഷണ പദ്ധതി - സ്നേഹവിരുന്ന്

ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ 66-ാം ഓർമ്മത്തിരുനാൾ ദിനത്തിൽ സ്നേഹവിരുന്ന് പദ്ധതിയുടെ ലോഗോ പ്രകാശനം ചെയ്ത് ഉദ്ഘാടനം ചെയ്തു. മേജർ അതിഭദ്രാസന പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. ജേക്കബ് പുന്നൂസ് ഈ പദ്ധതിയെക്കുറിച്ച് വിവരണം നൽകി.

2019 ജൂലൈ 16 ഉച്ചയ്ക്ക് 12.30-ന് സ്നേഹവിരുന്ന് സ്വീകരിക്കാൻ എത്തിയവരെ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയുടെ നേതൃത്വത്തിൽ മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ സ്വീകരിച്ച്, ഭക്ഷണം അത്യഭിവന്ദ്യ ബാവാ തിരുമേനി വിളമ്പി നൽകുകയും അവരോടൊപ്പം ഭക്ഷണം കഴിച്ച് ആരംഭം കുറിച്ചു. ആദ്യദിനത്തിൽ 65 വ്യക്തികൾ സ്നേഹവിരുന്നിന്റെ ഗുണഭോക്താക്കളായി.

## സ്നേഹസുരക്ഷ

മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന നിർദ്ധനരായ വിധവകളുടെ സംരക്ഷണത്തിന് വേണ്ടിയുള്ള സ്നേഹസുരക്ഷ എന്ന പദ്ധതി ദൈവദാസൻ മാർ ഈവാനിയോസ് ഓർമ്മത്തിരുനാൾ ദിനമായ ജൂലൈ 15-ാം തീയതി ഔദ്യോഗികമായി ആരംഭിച്ചു. എം.എസ്സ്.എസ്സ്.എസ്സ്. ഡയറക്ടർ റവ. ഫാ. തോമസ് മുകളുംപുറത്ത് ഈ പദ്ധതിയെക്കുറിച്ചുള്ള ആമുഖം നൽകി.

## മേജർ അതിഭദ്രാസന അസംബ്ലി

സഭാ അസംബ്ലിക്ക് ഒരുക്കമായി തിരുവനന്തപുരം മേജർ അതിഭദ്രാസന അസംബ്ലി ജൂലൈ 23, 24 തീയതികളിൽ നാലാഞ്ചിറ മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്ററിൽ വച്ച് നടന്നു.

അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി ഉദ്ഘാടനം നിർവ്വഹിച്ച് അദ്ധ്യക്ഷത വഹിച്ച ഈ അസംബ്ലിയിൽ ബാംഗ്ലൂർ സെന്റ് ജോൺസ് മെഡിക്കൽ കോളേജ് ഡയറക്ടർ റവ. ഡോ. പോൾ പാറത്താഴം ആമുഖപ്രഭാഷണം നടത്തി. തുടർന്ന് വി. കുർബാനയുടെ ആരാധനയ്ക്ക് റവ. ഫാ. ഡാനിയേൽ പൂവണ്ണത്തിൽ നേതൃത്വം നൽകി. ഉച്ചയ്ക്കുശേഷം റവ. ഡോ. ജോൺ പടിപ്പുരയ്ക്കൽ 'കൃപ നിറയുന്ന കുടുംബങ്ങൾ' വിഷയാവതരണം നടത്തി. പ്രധാന പ്രമേയത്തിന് ഡോ. സൂസൻ കുര്യൻ, ഡോ. സോണി ജോർജ് എന്നിവർ പ്രതികരണങ്ങൾ നൽകി. വൈകുന്നേരം 4.00-ന് പരി. എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ പ്രതിനിധിയായി അസംബ്ലിയിൽ സംബന്ധിച്ച അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനി അനുഗ്രഹപ്രഭാഷണം നടത്തി. വൈകുന്നേരം 6.00-ന് സന്ധ്യാനമസ്കാരത്തെ തുടർന്ന് 7.00-ന് മേജർ അതിഭദ്രാസനത്തിലെ 9 ജില്ലകളിൽ നടന്ന ജില്ലാ അസംബ്ലികളുടെ റിപ്പോർട്ട് വെരി റവ. ഫാ. ബോവസ് മാത്യു മേലൂട്ട് അവതരിപ്പിച്ചു. തുടർന്ന് 10 ഗ്രൂപ്പുകളായി തിരിഞ്ഞ് ചർച്ച നടന്നു.

24-ന് രാവിലെ പ്രഭാതനമസ്കാരത്തെ തുടർന്ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ വി. കുർബാന അർപ്പിച്ചു. രാവിലെ 8.30-ന് ഗ്രൂപ്പ് ചർച്ചകളുടെ റിപ്പോർട്ടിംഗ് നടന്നു. ഇതിന് മേജർ അതിഭദ്രാസനത്തിന്റെ മുഖ്യ വികാരി ജനറാൾ മാത്യു മനക്കരക്കാവിൽ കോറെപ്പിസ്കോപ്പാ മോഡറേറ്ററായിരുന്നു. തുടർന്ന് പൊതുചർച്ചയും ഉണ്ടായിരുന്നു. സമാപന സമ്മേളനത്തിന് അത്യഭിവന്ദ്യ ബാവാ തിരുമേനി അദ്ധ്യക്ഷം വഹിച്ച് "കൂടുതൽ നന്മകൾ ജീവിതത്തിൽ പ്രാവർത്തികമാക്കുന്ന വ്യക്തിത്വത്തിന്നുടമകളായി മാറാൻ" ഏവരേയും ആഹ്വാനം ചെയ്തു. "നാം ഓരോരുത്തരും ഓരോ കുടുംബത്തിന്റെ ഭാഗമാണ്, കൃപ നിറയുന്ന കുടുംബങ്ങളായി രൂപീകൃതരാവാനുള്ള പരിശ്രമം അടുത്ത അസംബ്ലി വരെ തുടരാനും" അത്യഭിവന്ദ്യ തിരുമേനി ആഹ്വാനം ചെയ്തു. ഉച്ചപ്രാർത്ഥനയെത്തുടർന്ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി അപ്പസ്തോലിക ആശീർവാദം നൽകിയതോടെ അസംബ്ലി സമാപിച്ചു.

അത്യഭിവന്ദ്യ ബാവാ തിരുമേനി അസംബ്ലിയിലെ ഓരോ അംഗങ്ങളെയും വ്യക്തിപരമായി കണ്ട് അനുഗ്രഹം നൽകി യാത്ര അയച്ചു. മേജർ അതിഭദ്രാസനത്തിൽ നിന്നും 160 പ്രതിനിധികൾ ഈ അസംബ്ലിയിൽ പങ്കെടുത്തു.

## പട്ടം സെന്റ് മേരീസ് റ്റി.റ്റി.ഐ.-ൽ സ്മാർട്ട് ക്ലാസ് റൂം ഉദ്ഘാടനം ചെയ്തു.

പട്ടം സെന്റ് മേരീസ് റ്റി.റ്റി.ഐ. യിൽ സ്മാർട്ട് ക്ലാസ്സ് റൂമിന്റെ ഉദ്ഘാടനം 2019 ജൂലൈ 6-ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി നിർവ്വഹിച്ചു. 1994-96 ബാച്ച് വിദ്യാർത്ഥികളാണ് സ്മാർട്ട് ക്ലാസ് റൂം നിർമ്മിച്ച് നൽകിയത്.

## റവ. ഫാ. ജോൺ സി.സി.യ്ക്ക് മാതൃകാ അധ്യാപക പുരസ്കാരം

മേജർ അതിഭദ്രാസനത്തിലെ വൈദികനും പട്ടം സെന്റ് മേരീസ് ഹയർ സെക്കണ്ടറി പ്രിൻസിപ്പലുമായ റവ. ഫാ. സി. സി. ജോണിന് പി.ടി.എ. സംസ്ഥാന കമ്മറ്റി ഏർപ്പെടുത്തിയ 'മാതൃകാ അധ്യാപക പുരസ്കാരം' ലഭിച്ചു. കേരളത്തിലെ ഏറ്റവും കൂടുതൽ ഹയർ സെക്കണ്ടറി ബാച്ചുള്ള സെന്റ് മേരീസ് സ്കൂളിൽ 2018 വർഷം നടത്തിയ പ്രവർത്തന മികവിനാണ് ഈ പുരസ്കാരം.

**മേജർ അതിഭദ്രാസനത്തിന്റെ അഭിനന്ദനങ്ങൾ!**

## റവ. ഫാ. തോമസ് മുകളുംപുറത്തിന് സോഷ്യൽ വർക്കർ അവാർഡ്

റോട്ടറി ഇന്റർനാഷണൽ 2019 വർഷത്തെ 'Best Social Worker' അവാർഡിന് മേജർ അതിഭദ്രാസനത്തിലെ വൈദികനും മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടറുമായ റവ. ഫാ. തോമസ് മുകളുംപുറത്തിനെ തെരഞ്ഞെടുത്തു. പ്രളയബാധിത പ്രദേശങ്ങളിൽ ജനങ്ങളുടെ സംരക്ഷണത്തിനായും ഭവനങ്ങളുടെ പുനരുദ്ധാരണത്തിനായിട്ടും നൽകിയ മികച്ച നേതൃത്വത്തിനും കേന്ദ്ര ഗവൺമെന്റിന്റെ വിവിധ നൈപുണ്യ വികസന പരിശീലന ക്രമങ്ങളുടെ മികച്ച നടത്തിപ്പിന്റെയും അംഗീകാരവുമായാണ് ഈ അവാർഡ്.

**മേജർ അതിഭദ്രാസനത്തിന്റെ അഭിനന്ദനങ്ങൾ!**

## മേജർ അതിഭദ്രാസന എക്സിക്യൂട്ടീവ് ബോർഡ്

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ 9 വൈദിക ജില്ലകളിൽ നിന്നുള്ള ബഹുമാനപ്പെട്ട സണ്ടേസ്കൂൾ ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, എക്സിക്യൂട്ടീവ് അംഗങ്ങൾ, ജില്ലാ സെക്രട്ടറിമാർ എന്നിവരുടെ സംയുക്തയോഗം 2019 ജൂലൈ 15-ാം തീയതി ഉച്ചകഴിഞ്ഞ് സമന്വയ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. സമ്മേളനത്തിൽ വികാരി ജനറാൾ റൈറ്റ് റവ. മോൺ. ഡോ. വർക്കി ആറ്റുപുറത്ത് എല്ലാവരേയും അഭിസംബോധന ചെയ്ത് സംസാരിച്ചു.

## വിശ്വാസപരിശീലന ദിനം

2019 ആഗസ്റ്റ് മാസം 4-ാം തീയതി ഞായറാഴ്ച വിശ്വാസ പരിശീലന ദിനമായി ആഘോഷിക്കുന്നു. സഭയുടെ പ്രധാന കർത്തവ്യമായ വിശ്വാസപരിശീലനത്തിന്റെ മഹനീയത കൂടുതൽ തിരിച്ചറിയുന്നതിന് ഈ ദിവസത്തെ ആഘോഷ പരിപാടികൾ ഉപകരിക്കണം. അന്നേദിവസമുള്ള വി. കുർബാന അനുഗ്രഹപ്രദമാക്കുന്നതിന് സണ്ടേസ്കൂൾ അദ്ധ്യാപകരും കുട്ടികളും പ്രത്യേകം ശ്രദ്ധിക്കണം. അന്നേദിവസം എടുക്കുന്ന സ്തോത്രക്കാഴ്ചയും സണ്ടേസ്കൂൾ കവർ സംഭാവനയും വിജയിപ്പിക്കുവാൻ ശ്രദ്ധിക്കണമേ. അപ്രകാരം ശേഖരിക്കുന്ന തുക നമ്മുടെ അതിഭദ്രാസന മതബോധന ശുശ്രൂഷ കാര്യക്ഷമമാക്കുന്നതിന് മേജർ അതിഭദ്രാസന ഫിനാൻസ് ഓഫീസിൽ എത്തിക്കേണ്ടതാണ്.

## അദ്ധ്യാപക സെമിനാർ

ആയൂർ, തിരുവനന്തപുരം, കഴക്കൂട്ടം, അഞ്ചൽ, അടൂർ, കൊട്ടാരക്കര എന്നീ വൈദികജില്ലകളിലെ എല്ലാ മതാദ്ധ്യാപകരുടേയും സംഗമം ജൂലൈ 28, 31, ആഗസ്റ്റ് 10, 11, 25 തീയതികളിലായി അതാത് ജില്ലാ കേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെടുകയാണ്. അതാത് വൈദിക ജില്ലകളിലെ ബഹുമാനപ്പെട്ട ജില്ലാ വികാരിമാരും സണ്ടേസ്കൂൾ ഡയറക്ടേഴ്സും ജില്ലാ എക്സിക്യൂട്ടീവും

സെമിനാറിന് നേതൃത്വം നൽകുന്നതാണ്. മേജർ അതിഭദ്രാസന മതബോധന ഡയറക്ടർ റവ. ഫാ. ഡാനിയേൽ കുളങ്ങര ക്ലാസ്സുകൾക്ക് നേതൃത്വം കൊടുക്കുന്നു.

## സണ്ടേസ്കൂൾ സ്ഥിതി വിവര ഫോം

പ്രഥമാദ്ധ്യാപകരുടെ കൈയിൽ ലഭിച്ചിട്ടുള്ള സ്ഥിതിവിവര ഫോം പൂരിപ്പിച്ച് കേന്ദ്ര ഓഫീസ്സിൽ എത്തിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം. ഇതിന്റെ ഒരു കോപ്പി ഓരോ ഇടവകയിൽ സൂക്ഷിക്കുകയും മറ്റൊരു കോപ്പി ജില്ലാ സണ്ടേസ്കൂൾ കാര്യാലയത്തിൽ നൽകുകയും ചെയ്യണം.

## എം.സി.സി.എൽ. ഫോം

മലങ്കര കത്തോലിക്കാ സഭയിലെ വിദ്യാർത്ഥി പ്രസ്ഥാനമായ എം.സി.സി.എൽ.-ന്റെ യൂണിറ്റ് ഇതുവരേയും ആരംഭിക്കാത്ത ഇടവകകളിൽ ആരംഭിക്കണമെന്നും അതിന്റെ പ്രരംഭമായി നൽകിയിട്ടുള്ള നിർദ്ദിഷ്ടഫോമിൽ 12-ാം ക്ലാസ്സും അതിൽ താഴെ പഠിക്കുന്ന എല്ലാ കുട്ടികളുടേയും, തിരഞ്ഞെടുക്കപ്പെട്ട യൂണിറ്റ് ഭാരവാഹികളുടേതുമായ ലിസ്റ്റ് മേജർ അതിഭദ്രാസന സണ്ടേസ്കൂൾ കാര്യാലയത്തിൽ എത്തിക്കണമെന്നും ഓർമ്മിപ്പിക്കുന്നു.

## പുതിയതായി നിയമിതരായ
## ജില്ലാ ഡയറക്ടേഴ്സ് & ആനിമേറ്റേഴ്സ്

അഞ്ചൽ - റവ. ഫാ. ജേക്കബ് കല്ലുവിള
കൊട്ടാരക്കര - റവ. ഫാ. തോമസ് കുറ്റിയിൽ
പുനലൂർ - റവ. ഫാ. അജോ കളപ്പുരയിൽ

**ആനിമേറ്റർ**

കൊട്ടാരക്കര - റവ. സി. ജൂബില എസ്.ഐ.സി.

പുതുതായി ചുമതലയേറ്റ ബഹുമാനപ്പെട്ട ഡയറകടേഴ്സിനും ആനിമേറ്ററിനും മേജർ അതിഭദ്രാസന മതബോധന കാര്യാലയത്തിന്റെ പ്രാർത്ഥനകളും ആശംസകളും നേരുന്നു. അതോടൊപ്പം കഴിഞ്ഞ കാലയളവിൽ പ്രവർത്തിച്ച ഏവർക്കും ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

## രചനാമത്സരം

സർഗ്ഗോത്സവം 2019-ന്റെ ഭാഗമായുള്ള രചനാമത്സരങ്ങൾ 2019 ആഗസ്റ്റ് 23-ാം തീയതി ജില്ലാ കേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെടുന്നു. അതിനാവശ്യമായ എല്ലാ ക്രമീകരണങ്ങളും ബഹുമാനപ്പെട്ട ജില്ലാ വികാരിമാരുടേയും സണ്ടേസ്കൂൾ ഡയറക്ടേഴ്സിന്റേയും ജില്ലാ ഭാരവാഹികളുടേയും നേതൃത്വത്തിൽ നടത്തേണ്ടതാണ്.

# എം.സി.വൈ.എം

## തീർത്ഥാടന പദയാത്ര

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പുണ്യപിതാവും പുനരൈക്യ പ്രണേതാവുമായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 66-ാം ഓർമ്മത്തിരുന്നാളിനോടനുബന്ധിച്ച് 2019 ജൂലൈ 10 മുതൽ 14 വരെ റാന്നി-പെരുന്നാട്ടിൽ നിന്നും പട്ടം സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിലെ കബർ ചാപ്പലിലേക്ക് നടത്തപ്പെട്ട 42-ാമത് തീർത്ഥാടന പദയാത്രയ്ക്ക് മലങ്കര സുറിയാനി കത്തോലിക്കാ യുവജനപ്രസ്ഥാനം നേതൃത്വം നൽകി.

## കെ.സി.വൈ.എം.
## അർദ്ധവാർഷിക സെനറ്റ് സമ്മേളനം

കേരള കത്തോലിക്കാ യുവജനപ്രസ്ഥാനത്തിന്റെ കഴിഞ്ഞ ആറു മാസക്കാലത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഭാവി പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനുമായി 2019 ജൂലൈ 26, 27, 28 തീയതികളിൽ നാലാഞ്ചിറ മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്ററിൽ വച്ച് എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ നടത്തപ്പെട്ടു.

## തൂലിക 2019 രചനാ മത്സരങ്ങൾ

മേജർ അതിഭദ്രാസന യുവജനങ്ങളുടെ സർഗ്ഗവാസനകൾ വളർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി തൂലിക 2019 - രചനാമത്സരങ്ങൾ ആഗസ്റ്റ് 10-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ വൈദികജില്ലാ കേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെടുന്നു.

## SAFP - വാർഷിക വിലയിരുത്തൽ

സേവ് ഏ ഫാമിലി പ്ലാൻ പദ്ധതിയുടെ വിലയിരുത്തൽ പരിപാടി അഞ്ചൽ, നെടുമങ്ങാട് എന്നീ റീജണുകളിൽ 2019 ജൂലൈ മാസം 4,5,6 തീയതികളിൽ നടന്നു. SAFP യുടെ ഇൻഡ്യാ ഓഫീസിൽ നിന്നും ശ്രീ. ആൾട്ടോ ആന്റണി പ്രസ്തുത തീയതികളിൽ റീജണുകളും, മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റിയും സന്ദർശിച്ചു വിലയിരുത്തൽ നടത്തി. SAFP കോർഡിനേറ്റർ കുമാരി ജിയാരാജ് പരിപാടികൾക്ക് നേതൃത്വം നൽകി.

## NULM പരിപാടി

മുൻസിപാലിറ്റി-കോർപ്പറേഷൻ പരിധിയിലുള്ള വിദ്യാർത്ഥികൾക്ക് സൗജന്യ തൊഴിൽ പരിശീലനം നൽകുന്ന പദ്ധതി- NULM പുതിയ ബാച്ചിന്റെ ക്ലാസ് 2019 ജൂലൈ 5-ന് ആരംഭിച്ചു.

## സ്നേഹ സുരക്ഷ പദ്ധതി

വിധവകളും നിർദ്ധനരുമായ അമ്മമാരെ സാമ്പത്തികമായി സഹായിക്കുന്ന സ്നേഹസുരക്ഷ പദ്ധതിയുടെ ഗുണകാംക്ഷികളുടെ ഒരു മീറ്റിംഗ് 2019 ജൂലൈ 6-ന് എം.എസ്സ്.എസ്സ്.എസ്സ്. ൽ വച്ചു നടന്നു. രക്ഷാധികാരി മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് ഗുണകാംക്ഷികളായ ഏവർക്കും നന്ദി പറഞ്ഞു. ഇവരെ അഭിനന്ദിച്ചുകൊണ്ട് വികാരി ജനറാൽമാരായ റൈറ്റ് റവ. മോൺ. ഡോ. മാത്യു മനക്കരക്കാവിൽ കോർ എപ്പിസ്കോപ്പാ, റൈറ്റ് റവ. മോൺ. ഡോ. വർക്കി ആറ്റുപുറത്ത്, പ്രൊക്യുറേറ്റർ റവ. ഫാ. തോമസ് കയ്യാലയ്ക്കൽ എന്നിവർ പ്രസംഗിച്ചു. എം.എസ്സ്.എസ്സ്. എസ്സ്. ഡയറക്ടർ റവ. ഫാ. തോമസ് മുകളുംപുറത്ത് ഏവരേയും സ്വാഗതം ചെയ്തു. എം.എസ്സ്.എസ്സ്.എസ്സ്. കോ-ഓർഡിനേറ്റർ ശ്രീ. ഡിജു ഡാനിയേൽ കൃതജ്ഞത അർപ്പിച്ചു.

സ്നേഹ സുരക്ഷയുടെ ഉദ്ഘാടനം മാർ ഈവാനിയോസ് ദിനത്തിൽ പട്ടം കത്തീഡ്രലിൽ നടന്നു. അഭിവന്ദ്യ തോമസ് മാർ കൂറിലോസ് തിരുമേനി സ്നേഹസുരക്ഷയുടെ ലോഗോ തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ പാസ്റ്ററൽ കൗൺസിലിന്റെ മുൻ സെക്രട്ടറി ശ്രീ. ജോൺ മത്തായിക്ക് നൽകി പ്രകാശനം ചെയ്തു.

## സ്നേഹ വിരുന്ന്

2019 ജൂലൈ 16 മുതൽ സ്നേഹവിരുന്ന് - സൗജന്യ ഉച്ചഭക്ഷണ പദ്ധതി അത്യഭിവന്ദ്യ ബാവാ തിരുമേനി ഭക്ഷണം വിളമ്പി നൽകി എം.എസ്സ്.എസ്സ്.എസ്സ്.-ൽ വച്ച് ആരംഭിച്ചു. ശരാശരി 70 പേർ പ്രതിദിനം ഭക്ഷണ പദ്ധതിയുടെ ഗുണഭോക്താളായി സംബന്ധിക്കുന്നു.

## കാരിത്താസ് - നവജീവൻ പദ്ധതി

കാരിത്താസ് ഇൻഡ്യയുടെ പുതിയ ദുരന്ത നിവാരണ പദ്ധതിയായ നവജീവൻ സമാരംഭം 2019 ജൂലൈ 17,18,19 തീയതികളിൽ ആലപ്പുഴ കർമ്മസദൻ പാസ്റ്ററൽ സെന്ററിൽ വച്ചു നടന്നു. "കേരളത്തിലെ NGO പങ്കാളിത്ത്വ നൈസർഗിക കഴിവ് വർദ്ധനവ്" എന്ന വിഷയത്തെ ആസ്പദമാക്കി Mr. Anjan Bag ക്ലാസ് നയിച്ചു. മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റിയെ പ്രതിനിധീകരിച്ച് ശ്രീ. സിജോ വി.എസ്. പങ്കെടുത്തു.

## സ്കിൽ ഡേ - സെലിബ്രേഷൻ

2019 ജൂലൈ 19-ന് അന്തർദേശീയ സ്കിൽ ഡേ ദിനാചരണം DDU - GKY വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു കൊണ്ട് എം.എസ്സ്.എസ്സ്.എസ്സ്.-ൽ വച്ചു നടത്തി. പ്രസംഗമത്സരം, ചിത്രരചന, കൊളാഷ്, കഥാരചന എന്നീ വിഭാഗങ്ങളിൽ മത്സരം നടന്നു.

## SAFP കുടുംബ സഹായ പദ്ധതി

SAFP കുടുംബ സഹായ പദ്ധതിയിൽ നിന്നും 2019 ജൂലൈ 25-ന് വിവിധ തൊഴിൽ പദ്ധതികൾക്കു വേണ്ടി ബാലരാമപുരം,

നെടുമങ്ങാട്, പോത്തൻകോട് എന്നീ മേഖലയിലെ 26 കുടുംബ ങ്ങൾക്ക് 2,90,425/- രൂപ ധനസഹായം നൽകി .

## സ്റ്റാഫ് മീറ്റിംഗ്

സ്റ്റാഫ് മീറ്റിംഗ് 2019 ജൂലൈ 27-ന് എം.എസ്സ്.എസ്സ്.എസ്സ്.-ൽ വച്ച് റവ. ഫാ. തോമസ് മുകളുംപുറത്തിന്റെ അദ്ധ്യക്ഷതയിൽ ഓരോ സ്റ്റാഫ് അംഗങ്ങളുടെ ജൂലൈ മാസത്തെ പ്രവർത്തന റിപ്പോർട്ട് വിലയിരുത്തൽ നടത്തി ഭാവി പ്രവർത്തന പരിപാടികൾ ചർച്ച ചെയ്തു.

## സെൻസ് ഇന്റർനാഷണൽ പ്രോഗ്രാം

സെൻസ് ഇന്റർനാഷണൽ പദ്ധതിയുടെ സഹായത്തോടെ ബധിരാന്ധത ബാധിച്ച കുട്ടികൾക്ക് വേണ്ടി നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങളുടെ വിലയിരുത്തലിനായി ജൂലൈ 29 മുതൽ ആഗസ്റ്റ് 2-ാം തീയതി വരെ സെൻസ് ഇന്റർനാഷണൽ പദ്ധതി യുടെ ഏജൻസിയിൽ നിന്നും കോ-ഓർഡിനേറ്റർ ശ്രീ. ശ്രീനിവാസൻ കന്യാകുമാരി ജില്ലയിലെ കിരാത്തൂർ സെന്ററും, തിരുവനന്തപുരം ജില്ലയിലെ ചാല സെന്ററും ഫീൽഡ് സന്ദർശനം നടത്തുന്നു. എം.എസ്സ്.എസ്സ്.എസ്സ്. കോ-ഓർഡിനേറ്റർ ശ്രീ. എബിൻ എസ്. പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

## സോഷ്യൽ വർക്കർ അവാർഡ്

റോട്ടറി ഇന്റർനാഷണൽ 2019 വർഷത്തെ ബെസ്റ്റ് സോഷ്യൽ വർക്കർ അവാർഡിന് മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. തോമസ് മുകളുംപുറത്തിനെ തെരെഞ്ഞെടുത്തു. എം.എസ്സ്.എസ്സ്.എസ്സ്.-ന്റെ അഭിനന്ദനങ്ങൾ!

## വിവിധ ധന സഹായങ്ങൾ

കുടുംബ സഹായ പദ്ധതിയിൽ 26 കുടുംബങ്ങൾക്ക് 2,90,425/- രൂപയും വൈദ്യ സഹായവും ഇതര സഹായവുമായി 11,000/- രൂപയും നൽകി.




റാന്നി – പെരുന്നാട്ടിൽ നിന്നും
2019 ജൂലൈ 10ന് ആരംഭിച്ച പ്രധാന തീർത്ഥാടന പദയാത്ര
പട്ടം കത്തീഡ്രൽ കബറങ്കണത്തിലേയ്ക്ക് പ്രവേശിക്കുന്നു. (14 – 07 – 2019)



ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച്
നടന്ന മെഴുകുതിരി പ്രദക്ഷിണ നേർച്ച (14 - 07 - 2019)



ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ 66 - ാം ഓർമ്മപ്പെരുനാളിനോടനുബന്ധിച്ച്
അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയും കോപ്റ്റിക് കത്തോലിക്കാ പാത്രിയർക്കീസ് അത്യഭിവന്ദ്യ
ഇബ്രാഹീം ഇസാക്ക് സെദ്രാക്ക് ഗാദ് എൽസായദ് ബാവാതിരുമേനിയും അഭിവന്ദ്യ തിരുമേനിമാരും
ശ്ലൈഹീക വാഴ്വ് - 'സ്ലൂസോക് ആമാൻ' ആശീർവാദം നൽകുന്നു. (14 - 07 - 2019)



ഓർമ്മപ്പെരുന്നാളിലെ മുഖ്യാതിഥിയായി എത്തിയ അത്യഭിവന്ദ്യ ഇബ്രാഹീം ഇസാക്ക് സെദ്രാക്ക് ബാവാതിരുമേനിയെ തിരുസന്നിധി അരമനയിൽ അഭിവന്ദ്യ എബ്രഹാം മാർ യൂലിയോസ് തിരുമേനി സ്വീകരിക്കുന്നു. (തിരുസന്നിധി, 13 – 07 – 2019).



ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിലെ മുഖ്യാതിഥിയായി എത്തിയ അത്യഭിവന്ദ്യ ഇബ്രാഹീം ഇസാക്ക് സെദ്രാക്ക് ഗാദ് എൽസായദ് ബാവാതിരുമേനിയേയും അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയേയും സ്വീകരിച്ചപ്പോൾ (14 ജൂലൈ 2019, പട്ടം കത്തീഡ്രൽ കവാടം)

# ഓർമ്മപ്പെരുന്നാൾ ആഘോഷദൃശ്യങ്ങൾ















ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിലെ വിശുദ്ധ കുർബാനയിൽ
സഹകാർമ്മികരായിരുന്ന വൈദികർ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയോടും
മെത്രാപ്പോലീത്താമാരോടുമൊപ്പം (15 ജൂലൈ 2019, പട്ടം കത്തീഡ്രൽ)

# മലങ്കര കാത്തലിക് അസോസിയേഷൻ

## നേതൃസംഗമം

എം.സി.എ. തിരുവനന്തപുരം മേജർ അതിഭദ്രാസന നേതൃസംഗമം 2019 ജൂലൈ 6-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ 1 മണി വരെ കാതോലിക്കേറ്റ് സെന്ററിൽ വച്ച് നടത്തപ്പെട്ടു. അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി ഈ സംഗമം ഉദ്ഘാടനം ചെയ്തു. ബഹു. വൈദികജില്ലാ വികാരിമാർ, ജില്ലാ ഡയറക്ടേഴ്സ്, ജില്ലയിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ഒൻപതു പേർ വീതം പങ്കെടുത്ത ഈ സമ്മേളനത്തിൽ എം.സി.എ. യുടെ പ്രവർത്തനശൈലി വിശദീകരിച്ചു. അൽമായ നേതൃത്വത്തിന് ദിശാബോധം നൽകുന്ന ഒന്നായിരുന്നു ഈ സംഗമം.

## സഭാതല അർദ്ധവാർഷിക അസംബ്ലി

എം.സി.എ. സഭാതല അർദ്ധവാർഷിക അസംബ്ലി 2019 ജൂലൈ 13-ന് വൈകിട്ട് 7.00 മണി മുതൽ കാതോലിക്കേറ്റ് സെന്ററിൽ വച്ച് നടത്തപ്പെട്ടു. രൂപതകൾ റിപ്പോർട്ടും കണക്കും അവതരിപ്പിച്ച് ഭാവി പരിപാടികൾ ചർച്ച ചെയ്തു.

## വൈദികദിനാചരണം

വൈദികരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. ജോൺ മരിയവിയാനിയുടെ ഓർമ്മപ്പെരുന്നാളായ ആഗസ്റ്റ് 4 ഞായറാഴ്ച എല്ലാ യൂണിറ്റുകളിലും വൈദികദിനമായി എം.സി.എ. ആചരിക്കുന്നു. ഇതിനു മുന്നോടിയായി ഓഗസ്റ്റ് 2-ന് എം.സി.എ. സഭാതല സമിതിയുടെ നേതൃത്വത്തിൽ നാലാഞ്ചിറ സെന്റ് മേരീസ് മലങ്കര മേജർ സെമിനാരിയിൽ വൈദികദിനാഘോഷം നടത്തപ്പെടുന്നു.

# കുടുംബ പ്രേഷിത കാര്യാലയം

## വിവാഹ ഒരുക്ക സെമിനാർ

| | | |
|---|---|---|
| 2019 ആഗസ്റ്റ് 9, 10, 11 | – | മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്റർ, നാലാഞ്ചിറ |
| 2019 സെപ്റ്റംബർ 13, 14, 15 | – | മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്റർ, നാലാഞ്ചിറ |

# ഇടയനാളാഗമം

## ജൂലൈ 2019

## (പ്രധാന പരിപാടികൾ)

**ജൂലൈ 3**

രാവിലെ 11.00-ന് സെന്റ് മേരീസ് മലങ്കര മേജർ സെമിനാരിയിൽ 'അപ്പോസ്തോലേറ്റ് ഓഫ് സോഷ്യൽ ആക്ഷൻ' (ÂSA) യുടെ ഈ വർഷത്തെ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നിർവ്വഹിച്ചു.

വൈകുന്നേരം 6.30-ന് നാലാഞ്ചിറ സെന്റ് തോമസ് ഹോസ്റ്റലിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

**ജൂലൈ 5**

കോയമ്പത്തൂരിൽ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ ആയിരിക്കുന്ന പത്തനംതിട്ട ഭദ്രാസനത്തിലെ റവ. ഫാ. റോബിൻ മനക്കലേത്തിനെ സന്ദർശിച്ച് പ്രാർത്ഥിച്ചു.

**ജൂലൈ 6**

രാവിലെ 9.00-ന് സ്വസ്തി ഫൗണ്ടേഷന്റെ നേതൃത്വത്തിൽ നടപ്പാക്കികൊണ്ടിരിക്കുന്ന 'വെള്ളായണി കായൽ ശുചീകരണ പദ്ധതി'യോട് അനുബന്ധിച്ച് നടന്ന സമ്മേളനം ഉദ്ഘാടനം ചെയ്തു.

രാവിലെ 11.00-ന് കാതോലിക്കേറ്റ് സെന്ററിൽ നടന്ന എം.സി.എ. ലീഡേഴ്സ് മീറ്റ് യോഗം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

ഉച്ചയ്ക്ക് 12.30-ന് പിതാവിന്റെ ഷഷ്ടിപൂർത്തിയോട് അനുബന്ധിച്ച് നടപ്പാക്കുന്ന 'സ്നേഹസുരക്ഷ' പദ്ധതിയുടെ സ്പോൺസർമാരുമായുള്ള യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

ഉച്ചകഴിഞ്ഞ് 2.00-ന് പട്ടം സെന്റ് മേരീസ് റ്റി.റ്റി.ഐ. യിലെ 1994-1996 ബാച്ച് വിദ്യാർത്ഥികൾ നിർമ്മിച്ച് നൽകിയ സ്മാർട്ട് ക്ലാസ്സ് റൂം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

**ജൂലൈ 7**

രാവിലെ 10.00-ന് ഇലന്തൂർ മാർത്തോമ്മാ വലിയപള്ളിയിൽ വച്ച് നടന്ന റവ. ഫാ. മഞ്ജുഷ് എബിൻ കോശിയുടെ പ്രഥമ കുർബാനയർപ്പണത്തിൽ സംബന്ധിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു.

വൈകുന്നേരം 4.30-ന് തിരുവനന്തപുരം വൈദികജില്ലയിലെ ഇടവകകളിൽ നിന്നുള്ള പദയാത്രികരെ സ്വീകരിച്ച് കബറിങ്കൽ ധൂപപ്രാർത്ഥന നടത്തി.

**ജൂലൈ 9**

വൈകുന്നേരം 5.00-ന് തിരുവനന്തപുരം പ്രസ്സ് ക്ലബ്ബിൽ, റവ. ഡോ. തോമസ് കുഴിനാപ്പുറത്ത് രചിച്ച 'മാതാപിതാക്കളും മക്കളും അറിയാൻ' എന്ന പുസ്തകം പ്രകാശനം ചെയ്തു.

**ജൂലൈ 10**

രാവിലെ 6.30-ന് പെരുന്നാട് സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ പദയാത്ര ആരംഭത്തിൽ വി. കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ച് വചനസന്ദേശം നൽകി. തുടർന്ന് പദയാത്ര ഉദ്ഘാടനം ചെയ്തു.

രാവിലെ 11.00-ന് കിഴക്കേത്തെരുവ് സെന്റ് മേരീസ് ഹൈസ്കൂളിന്റെ ആശീർവാദകർമ്മത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു.

വൈകുന്നേരം 5.00-ന് ഇറ്റാനഗർ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ജോൺ തോമസ് കാട്രുക്കുടിയിൽ പിതാവിനെ പട്ടം തിരുസന്നിധിയിൽ സ്വീകരിച്ചു.

രാത്രി 7.30-ന് മണ്ണന്തല സൂര്യപ്രഭ ഓഡിറ്റോറിയത്തിൽ തിരുവനന്തപുരം പൗരാവലി സംഘടിപ്പിച്ച ഷഷ്ടി പൂർത്തി ആഘോഷത്തിൽ പങ്കെടുത്തു.

**ജൂലൈ 11**

രാവിലെ 9.15-ന് പട്ടം തിരുസന്നിധിയിൽ 'വാർത്താവ്യക്തി' എന്ന പ്രോഗ്രാമിന് അഭിമുഖം നൽകി.

രാവിലെ 11.30–ന് സർവോദയ വിദ്യാലയത്തിൽ അൺ എയ്ഡഡ് സ്കൂൾ മാനേജ്മെന്റ് കൺസോർഷ്യം (USMAC) സംസ്ഥാന കൺവെൻഷൻ ഉദ്ഘാടനം ചെയ്തു.

**ജൂലൈ 12**

കോഴിക്കോട് പെരുവണ്ണാമൂഴിയിൽ ശാലോം ടി.വി. ചാന ലിന്റെ 'മോൺ. സി. ജെ. വർക്കി മെമ്മോറിയൽ ശാലോം മീഡിയ അവാർഡ്' ദാന ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച് അവാർഡ് റവ. ഡോ. ഫ്രാൻസിസ് കാരയ്ക്കാടിന് നൽകി.

**ജൂലൈ 13**

രാവിലെ 8.30–ന് തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രലിൽ ഭാഗ്യസ്മരണാർഹനായ ഗീവർഗ്ഗീസ് മാർ തിമോത്തിയോസ് തിരു മേനിയുടെ 40–ാം ചരമദിനത്തോടനുബന്ധിച്ച് വി. കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ച് വചനസന്ദേശം നൽകി.

വൈകുന്നേരം 7.00–ന് ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ 66–ാം ഓർമ്മപ്പെരുന്നാളിൽ മുഖ്യാതിഥിയായി പങ്കെടുക്കുന്ന അലക്സാണ്ഡ്രിയായിലെ കോപ്റ്റിക് കത്തോ ലിക്കാ സഭാതലവനും പാത്രിയർക്കീസുമായ അത്യഭിവന്ദ്യ ഇബ്രാഹീം ഇസാക്ക് സെദ്രാക്ക് ഗാദ് എൽസായദ് ബാവാ തിരു മേനിയെയും അഭിവന്ദ്യ തോമസ് ആദ് മാഹർ സാക്കി തിരുമേനി യെയും മേജർ സെമിനാരിയിൽ സ്വീകരിച്ചു.

**ജൂലൈ 14**

വൈകുന്നേരം 5.30–ന് സെന്റ് മേരീസ് കത്തീഡ്രലിൽ ദൈവ ദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാ ളിനോടനുബന്ധിച്ച് നടന്ന സന്ധ്യാപ്രാർത്ഥനയ്ക്ക് നേതൃത്വം നൽകുകയും തുടർന്ന് പുതിയ സുവിശേഷസംഘ അംഗങ്ങൾക്ക് കൈവയ്പ്പ് നൽകുകയും മെഴുകുതിരി നേർച്ച പ്രദക്ഷിണത്തിന് നേതൃത്വം നൽകുകയും ചെയ്തു.

**ജൂലൈ 15**

രാവിലെ 8.00–ന് സെന്റ് മേരീസ് കത്തീഡ്രൽ കവാടത്തിൽ ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ 66–ാം ഓർമ്മ പ്പെരുന്നാളിൽ മുഖ്യാതിഥിയായി പങ്കെടുക്കുന്ന അലക്സാൺഡ്രി യായിലെ കോപ്റ്റിക് കത്തോലിക്കാ സഭാതലവനും പാത്രിയർക്കീ സുമായ അത്യഭിവന്ദ്യ ഇബ്രാഹീം ഇസാക്ക് സെദ്രാക്ക് ഗാദ് എൽസായദ് ബാവാ തിരുമേനിയെയും അഭിവന്ദ്യ തോമസ് സാക്കി തിരുമേനിയെയും സ്വീകരിച്ചു. തുടർന്ന് ദൈവദാസൻ മാർ ഈവാ നിയോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിലെ വി. കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. വി. കുർബാനയെത്തുടർന്ന് മലങ്കര സുറിയാനി കത്തോലിക്കാ സഭയെ അഭിസംബോധന ചെയ്തു കൊണ്ട് സംസാരിച്ചു.

**ജൂലൈ 16**

ഉച്ചയ്ക്ക് 12.30–ന് എം.എസ്സ്.എസ്സ്.എസ്സ്.–ൽ 'സ്നേഹ വിരുന്ന്' പദ്ധതി ഭക്ഷണം വിളമ്പി ഉദ്ഘാടനം ചെയ്തു.

**ജൂലൈ 17**

രാവിലെ 9.00–ന് സർവോദയ വിദ്യാലയത്തിന്റെ പുതിയ കെട്ടിടത്തിന്റെ കൂദാശാകർമ്മം നിർവ്വഹിച്ചു.

തുടർന്ന് നാലാഞ്ചിറ മാർ ബസേലിയോസ് എൻജിനീയ റിംഗ് കോളേജിന്റെ ആശീർവാദകർമ്മം നിർവ്വഹിച്ചു.

വൈകുന്നേരം 4.00–ന് തിരുവഴി സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

വൈകുന്നേരം 6.00–ന് അഭിവന്ദ്യ തോമസ് മാർ യൗസേ ബിയോസ് പിതാവിന്റെ വത്സലമാതാവിന്റെ നിര്യാണത്തെത്തു ടർന്ന് മൈലപ്രായിലെ വീട്ടിലെത്തി പ്രാർത്ഥിച്ച് അനുശോചനം അറിയിച്ചു.

**ജൂലൈ 18**

രാവിലെ 6.30–ന് വടക്കുപുറം തിരുഹൃദയ മലങ്കര സുറി യാനി കത്തോലിക്കാ ദൈവാലയത്തിൽ ശങ്കരത്തിൽ ദിയ ജേക്ക ബിന് ആദ്യകുർബാന നൽകി.

രാവിലെ 11.00-ന് പൂങ്കാവ് സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ സാജൻ ഫിലിപ്പ് വള്ളിക്കാലായിലിന്റെയും അനു പൗലോസിന്റെയും വിവാഹം ആശീർവദിച്ചു.

ഉച്ചയ്ക്ക് 2.30-ന് മൈലപ്ര തിരുഹൃദയ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവിന്റെ വത്സലമാതാവിന്റെ ശവസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

**ജൂലൈ 20**

രാവിലെ 11.00-ന് മുക്കൂർ സെന്റ് ജോസഫ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ ആൻ തോമസ് തോട്ടുങ്കലിന്റെയും റോയ് വർഗീസിന്റെയും വിവാഹം ആശീർവദിച്ചു.

**ജൂലൈ 21**

രാവിലെ 8.00-ന് മുക്കൂർ സെന്റ് ജോസഫ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

**ജൂലൈ 22**

രാവിലെ 11.30-ന് നാലാഞ്ചിറ മാർ ഈവാനിയോസ് കോളേജ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി സംഘടിപ്പിച്ച യാത്രയയപ്പ് സമ്മേളനം ഉദ്ഘാടനം ചെയ്തു.

**ജൂലൈ 23**

മേജർ അതിഭദ്രാസന അസംബ്ലി ഉദ്ഘാടനം ചെയ്ത് അധ്യക്ഷ്യം വഹിച്ചു.

**ജൂലൈ 24**

രാവിലെ 6.00-ന് മേജർ അതിഭദ്രാസന അസംബ്ലിയുടെ രണ്ടാം ദിവസം വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. അസംബ്ലിയിൽ ആദ്യാവസാനം സംബന്ധിച്ച് ഉച്ചയ്ക്ക് 12.00-ന് സമാപനസന്ദേശം നൽകി.

## ജന്മദിനാശംസകൾ

### ആഗസ്റ്റ് 2019

01 - റവ ഫാ. ഗീവർഗീസ് ചരുവിളയിൽ
02 - റവ. ഫാ. ജോസഫ് പുത്തൻകുളം
07 - റവ. ഫാ. ജോൺ കുരിയടത്തേരിൽ
10 - റവ. ഫാ. റോയി ജോർജ്ജ് വയലിറക്കത്ത്
10 - റവ. ഫാ. മാത്യു വലിയവീട്ടിൽ
13 - റവ. ഫാ. ജോൺ കല്ലുംപുറത്ത്
14 - റവ. ഫാ. ജോൺ കണ്ണംകര
18 - റവ. ഫാ. ആദർശ് കുമ്പളത്ത്
20 - റവ. ഫാ. മാത്യു മരോട്ടിമൂട്ടിൽ
27 - റവ. ഫാ. കോശി പുന്നമൂട്ടിൽ

## പ്രാർത്ഥനയിൽ ഓർക്കാം

### ആഗസ്റ്റ് 2019

09 - റവ. ഫാ. അലക്സാണ്ടർ പാമ്പുരേത്ത്
11 - റവ. ഫാ. എബ്രഹാം താഴയിൽ
16 - റവ. ഫാ. ഗീവർഗീസ് പുത്തൻപുരയ്ക്കൽ
17 - റവ. ഫാ. യൗനാൻ ഞാപള്ളിയിൽ
23 - റൈറ്റ്. റവ. മോൺ. ജോസഫ് കുഴിഞ്ഞാലിൽ
26 - റവ. ഫാ. കുര്യാക്കോസ് തളിയത്ത്
റവ. ഫാ. തോമസ് മൂലവീട്ടിൽ
28 - റൈറ്റ് റവ. ജോസഫ് ഞായല്ലൂർ റമ്പാൻ
29 - റവ. ഫാ. ജേക്കബ് പുത്തൻവീട്ടിൽ
31 - റവ. ഫാ. ലൂക്കോസ് മാക്കിൽ

# സ്മരണീയ ദിനങ്ങൾ

## 2019 ആഗസ്റ്റ്

| | | |
|---|---|---|
| 1 | **വ്യാഴം** | **പതിനഞ്ചു നോമ്പാരംഭം**<br>മർത്ത ശ്മൂനിയും ഏഴുമക്കളും ഗുരു ഏലിയാസറും,<br>വി. അൽഫോൺസ് ലിഗോരി |
| 4 | **ഞായർ** | **പെന്തിക്കൊസ്തിക്കു ശേഷം എട്ടാം ഞായർ**<br>**വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനി**<br>**മലങ്കര സുറിയാനി കത്തോലിക്കാ സണ്ടേസ്കൂൾ ദിനം** |
| 5 | തിങ്കൾ | **പാറശ്ശാല ഭദ്രാസന സ്ഥാപന ദിനം** (2017) |
| 6 | ചൊവ്വ | **നമ്മുടെ കർത്താവിന്റെ തേജസ്ക്കരണം** |
| 8 | വ്യാഴം | വി. ഡൊമിനിക്ക് |
| 9 | വെള്ളി | **മാർ മത്തിയാസ് ശ്ലീഹാ** |
| 10 | ശനി | വി. ലോറൻസ് |
| 11 | **ഞായർ** | **തേജസ്ക്കരണശേഷം ഒന്നാം ഞായർ**<br>മിക്കാ നിബിയ, വി.ക്ലാര |
| 12 | തിങ്കൾ | വി. സൂസന്ന |
| 13 | ചൊവ്വ | മാർ ഹിപ്പോളിറ്റസ്, വി. ജോൺ ബെർക്കുമെൻസ് |
| 14 | ബുധൻ | വി. മാക്സിമിലൻ കോൾബെ |
| 15 | **വ്യാഴം** | **ശൂനോയോ പെരുന്നാൾ**<br>(വി. ദൈവമാതാവിന്റെ സ്വർഗ്ഗാരോപണം)<br>**പതിനഞ്ചു നോമ്പുവീടൽ, വികാരിക്കുർബാന**<br>**മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ്**<br>**കാതോലിക്കാ ബാവായുടെ മെത്രാഭിഷേക വാർഷികം** (2001)<br>ഭാരത സ്വാതന്ത്ര്യദിനം |
| 18 | **ഞായർ** | **തേജസ്ക്കരണശേഷം രണ്ടാം ഞായർ, സാമൂഹ്യനീതി ഞായർ** |
| 20 | ചൊവ്വ | വി. ബർണാർദ് |
| 22 | വ്യാഴം | ഹനനിയ, അസ്സറിയാ, മ്ശായേൽ |
| 23 | വെള്ളി | മാർ ഒസ്താത്തിയോസ് |
| 25 | **ഞായർ** | **തേജസ്ക്കരണശേഷം മൂന്നാം ഞായർ**, മാർ തീത്തോസ് |
| 27 | ചൊവ്വ | വി. മോനിക്ക |
| 28 | ബുധൻ | വി. അഗസ്റ്റിൻ |
| 29 | വ്യാഴം | യോഹന്നാൻ മാംദാനയുടെ ശിരച്ഛേദം<br>**വി. ഏവുപ്രാസിയ** |
| 30 | വെള്ളി | അരിമത്യായിലെ യൗസേപ്പും നിക്കോദിമോസും |

## അത്യഭിവന്ദ്യ കാതോലിക്കാബാവായുടെ പ്രോഗ്രാം

# ആഗസ്റ്റ് 2019

| | | | |
|---|---|---|---|
| 1-15 | | | യു.എസ്.എ. |
| 15 | | | കുറ്റിയാനി |
| 16 | 7.00 | pm | സെന്റ് ഗൊരേറ്റി സ്കൂൾ, നാലാഞ്ചിറ |
| 17 | 11.00 | am | കത്തീഡ്രൽ |
| | 3.00 | pm | പാളയം ബസിലിക്ക |
| 18 | 7.00 | am | പാളയം ബസിലിക്ക |
| | 3.00 | pm | പള്ളിപ്പാട് |
| 19 | 11.00 | am | തണ്ണിത്തോട് |
| 20 | | | വെങ്ങാനൂർ |
| 21 | 10.00 | am | വടക്കുപുറം |
| | | | പട്ടം |
| 22 | 11.00 | am | ചാഞ്ഞോടി |
| 23 | 10.00 | am | പി.ഒ.സി. |
| 24 | 9.30 | am | സെന്റ് മേരീസ് സ്കൂൾ, പട്ടം |
| | 11.00 | am | കത്തീഡ്രൽ |
| 25 | 10.00 | am | അതിരുങ്കൽ |
| | 4.30 | pm | വാകത്താനം |
| 26 | 3.30 | pm | കുരിയോട് |
| 27 | 11.00 | am | പഴയേരൂർ |
| 28 | 9.40 | am | പാളയം ബസിലിക്ക |
| | 11.00 | am | മാർ ഈവാനിയോസ് ചാപ്പൽ |
| 29 | 8.00 | am | വിതുര |
| 31 | 11.00 | am | ചേത്തോങ്കര |

**മലങ്കര സുറിയാനി കത്തോലിക്കാ സഭ**

# സണ്ടേസ്കൂൾ ദിനം – 2019

ബഹു. വൈദികരേ, സന്യസ്തരേ, അധ്യാപകരേ, മാതാപിതാക്കളേ, പ്രിയ വിദ്യാർത്ഥികളേ,

ഏവർക്കും ത്രിയേകദൈവനാമത്തിൽ വന്ദനം!

ദൈവത്തിന്റെ ദാനമായ വിശ്വാസത്തിൽ കൂടുതൽ ആഴപ്പെടാനും, തീക്ഷ്ണതയോടെ അത് പങ്കുവയ്ക്കുവാനും നമ്മെ ആഹ്വാനം ചെയ്തുകൊണ്ട് ഒരു വിശ്വാസ പരിശീലന ദിനം കൂടി നാം ആഘോഷിക്കുകയാണ്. വിശ്വാസത്തിന്റെ പ്രഭവസ്ഥാനം യേശുക്രിസ്തുവാണ്. “അതിസ്വാഭാവികമായ ദാനമെന്ന നിലയിൽ ദൈവത്തിൽ നിന്നു നാം സ്വീകരിക്കുന്ന വിശ്വാസം സമയത്തിലൂടെയുള്ള നമ്മുടെ യാത്ര നയിച്ചുകൊണ്ട് നമ്മുടെ വഴിയിൽ വെളിച്ചമായിത്തീരും”. (Pope Francis, *Lumen Fidei*). വിശ്വാസം നമ്മുടെ ജീവിതയാത്രയിൽ വെളിച്ചമായി നമ്മെ നയിക്കുന്നുവെന്ന് ഇത് വ്യക്തമാക്കുന്നു. ഈ വിശ്വാസം അനുദിനം ബലപ്പെടുത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യേണ്ട ദൈവദാനമാണ്.

ദൈവത്തിനുള്ള നമ്മുടെ സമർപ്പണമാണല്ലോ വിശ്വാസം. ദൈവത്തെ അറിഞ്ഞ്, സ്നേഹിച്ച് ജീവിക്കുമ്പോഴാണ് നമ്മുടെ സമർപ്പണം അർത്ഥവത്താകുന്നത്. ദൈവത്തെ അറിയുവാനും സ്നേഹിക്കാനുമുള്ള ഒരു പ്രധാന വേദിയാണ് നമ്മുടെ മതബോധനരംഗം. ദൈവത്തെ അറിയുന്ന വ്യക്തികളും കുടുംബങ്ങളുമാണ്

സഭയിൽ കൃപയുടെ നീർച്ചാലുകളായി വർത്തിക്കുന്നത്. 'കൃപ നിറയുന്ന കുടുംബങ്ങളാ'യി നമ്മുടെ ഭവനങ്ങൾ മാറണമെങ്കിൽ ഓരോ കുടുംബാംഗവും വിശ്വാസത്തിൽ ആഴപ്പെട്ട ജീവിതം നയിക്കുന്ന വ്യക്തിയാകണം. കുടുംബമാണ് വിശ്വാസ കൈമാറ്റത്തിന്റെ പ്രഥമവേദി. കുടുംബത്തിൽ നിന്ന് കുഞ്ഞുങ്ങളിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്ന വിശ്വാസത്തെ രൂഢമൂലമാക്കേണ്ടത് വിശ്വാസ പരിശീലന വേദികളാണ്. പ്രഥമാധ്യാപകരായ മാതാപിതാക്കളും ദ്വിതീയാധ്യാപകരായ മതാധ്യാപകരും ഈ വിശ്വാസം കൈമാറുന്നതിൽ തീക്ഷ്ണതയുള്ളവരും അത്യന്തം ജാഗ്രതയുള്ളവരുമാകണം. കാരണം, കാലം ഇന്നേറെ പുരോഗമിച്ചിരിക്കുന്നു. നവമാധ്യമങ്ങളുടെ മായികവലയത്തിലും, ലഹരിവസ്തുക്കളുടെ അടിമത്തത്തിലും, ആഡംബരജീവിതത്തിന്റെ സുഖലോലുപതയിലും, ലൈംഗികതയുടെ അരാജകത്വത്തിലും ജീവിക്കുവാനും അങ്ങനെ ഇന്നത്തെ തലമുറ ജീവന്റെ സംസ്കാരത്തിൽ നിന്നകന്ന് മരണ സംസ്കാരത്തിലേക്ക് വഴുതുവാനുമുള്ള പ്രവണത കൂടിവരികയാണ്. എങ്ങനെ ജീവിക്കണമെന്നറിയാത്ത, ലക്ഷ്യബോധമില്ലാത്ത, എല്ലാം കുറുക്കുവഴിയിലൂടെ സാധിച്ചെടുക്കുന്ന, എങ്ങനെയും വിജയിയാകാൻ ശ്രമിക്കുന്ന ഒരു സംസ്കാരത്തിന്റെ മധ്യേയാണ് നാം ദൈവത്തെയും ദൈവസ്നേഹത്തെയും പരിചയപ്പെടുത്തേണ്ടതും നൽകേണ്ടതും എന്ന് ഓർത്തിരിക്കണം. "ദൈവഭക്തന്റെ മക്കൾ അവന്റെ മേശയ്ക്കു ചുറ്റും ഒലിവുതൈകൾ പോലെയായിരിക്കും" (സങ്കീ. 128:3). കുടുംബത്തിനും, സമൂഹത്തിനും സഭയ്ക്കും രാഷ്ട്രത്തിനും നന്മ ചെയ്യുന്നവരായി കുഞ്ഞുങ്ങളെ വളർത്തിയെടുക്കാൻ നമുക്ക് ബാധ്യതയുണ്ട്.

വിശ്വാസ പരിശീലനരംഗത്ത് ദൈവത്തെ കൈമാറുന്നവരായിരിക്കണം മതാധ്യാപകർ. അധ്യാപനരീതിയിലും, നമുക്ക് മാറ്റങ്ങൾ വരുത്തേണ്ടതായിട്ടുണ്ട്. സിനഡൽ കമ്മീഷന്റെ നേതൃത്വത്തിൽ

മതാധ്യാപകർക്കായി ഈ വർഷം അധ്യാപക സഹായി പ്രസിദ്ധീകരിക്കുന്നു. അധ്യാപനരംഗത്ത് മാറ്റങ്ങൾ കൈവരുത്തുവാനും, അധ്യാപനം ആകർഷകമാക്കുവാനും ഇത് സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു. എല്ലാവരും അത് ഉപയോഗിച്ച് അധ്യാപനത്തിന് പുതിയൊരു ദിശാബോധം കൈവരുത്തുവാൻ ശ്രമിക്കുമല്ലോ. വിശ്വാസത്തെ അനുദിനം ബലപ്പെടുത്തി, പരിപോഷിപ്പിച്ച് വരും തലമുറയ്ക്ക് കൈമാറുവാനുള്ള ഉപകരണങ്ങളാണ് തങ്ങളെന്ന് മതാധ്യാപകർ നിരന്തരം ഓർക്കുക. ഈയൊരു ശുശ്രൂഷയിൽ നിങ്ങളെ ദൈവം ശക്തിപ്പെടുത്തട്ടെ.

പ്രിയ കുഞ്ഞുങ്ങളെ, ദൈവത്തിന്റെ സ്നേഹത്തിലും കരുണയിലും മനുഷ്യരുടെ പ്രീതിയിലും നിങ്ങൾ വളർന്നുവരുവാൻ ദൈവം അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. “പുണ്യപ്രവൃത്തികളേക്കാൾ പ്രാധാന്യം പുണ്യജീവിതത്തിനത്രേ” എന്ന നമ്മുടെ പിതാവ് ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ വാക്കുകളനുസ്മരിച്ചു കൊണ്ട് പുണ്യജീവിതത്തിനുടമകളായി നിങ്ങൾ മാറട്ടെയെന്ന് ആശംസിക്കുന്നു.

വിശ്വാസപരിശീലനദിനത്തിന്റെ എല്ലാ ആശംസകളും നേരുന്നു.



**✠ തോമസ് മാർ യൗസേബിയോസ്**
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
വിശ്വാസ പരിശീലന സുന്നഹദോസ് കമ്മീഷൻ ചെയർമാൻ &
പാറശ്ശാല രൂപതാദ്ധ്യക്ഷൻ

22.07.2019
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം

N.B. ഈ സർക്കുലർ സണ്ടേസ്ക്കൂൾ ദിനമായ 2019 ആഗസ്റ്റ് 4–ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും മിഷൻ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.

Ref: 3209/K-5/KCBC/OL/DS 20.07.2019

## 2019 ആഗസ്റ്റ് 11 ഞായർ – തടവറ പ്രേഷിത ദിനം

കെ.സി.ബി.സി. ജസ്റ്റിസ് പീസ് ആന്റ് ഡെവലപ്പ്മെന്റ് കമ്മീഷന്റെ ഭാഗമായ ജീസസ് ഫ്രട്ടേണിറ്റി നടത്തുന്ന തടവറ പ്രേഷിത പ്രവർത്തനങ്ങളിൽ സഭാമക്കളുടെ പങ്കിനെപ്പറ്റി പ്രതിപാദിക്കുന്ന സർക്കുലർ.

**കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,**

1887 മാർച്ച് 17-ന് പാരീസുകാരിയായ മരീ റെഗ്നോൾട്ട് അവളുടെ മുറിയിൽ മരിച്ചുകിടക്കുന്നതായി കാണപ്പെട്ടു. അവളുടെ കഴുത്ത് മുറിക്കപ്പെട്ടിരുന്നു. വാതിലിനടുത്ത് അവളുടെ വേലക്കാരിയായ അനീറ്റയുടെ മൃതദേഹം കിടന്നിരുന്നു. അവളുടെ കഴുത്തിനും മുറിവുണ്ടായിരുന്നു. അവളുടെ കിടക്കയിൽ വേലക്കാരിയുടെ മകൾ മരീയും മരിച്ചു കിടന്നിരുന്നു. ആഭരണങ്ങൾ മോഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഈ ക്രൂരത കാണിച്ചതെന്ന് ന്യൂയോർക്ക് ടൈംസ് എന്ന പത്രം റിപ്പോർട്ട് ചെയ്തു. ഒരാഴ്ചയ്ക്കുള്ളിൽ പോലീസ് കുറ്റവാളിയായ ഫ്രാൻസീനിയെ പിടികൂടി. അയാൾക്ക് മൂന്നു കൊലപാതകക്കുറ്റങ്ങൾക്കുള്ള വധശിക്ഷ വിധിക്കപ്പെട്ടു.

ഈ സംഭവം നടക്കുമ്പോൾ ലിസ്യൂവിലെ കൊച്ചുത്രേസ്യയ്ക്ക് പതിനാലു വയസ്സേ ഉണ്ടായിരുന്നുള്ളൂ. എന്നാലും അതിൽ ഇടപെടാൻ താൻ നിർബന്ധിക്കപ്പെടുന്നതായി അവൾക്കു തോന്നി. "ഒരാത്മാവിന്റെ കഥ" എന്ന ആത്മകഥയിൽ അവൾ ഇതിനെക്കുറിച്ച് എഴുതിയിട്ടുണ്ട്. ഫ്രാൻസീനി മനസ്തപിക്കാതെ മരിക്കുമെന്ന് അവൾക്കു തോന്നി. അയാളെ നരകത്തിൽ വീഴാതെ എന്തു വിലകൊടുത്തും രക്ഷിക്കണമെന്ന് അവൾ ആഗ്രഹിച്ചു. ഫ്രാൻസീനിയെ രക്ഷിക്കാൻ വേണ്ടി നമ്മുടെ കർത്താവിന്റെ അനന്ത യോഗ്യതകൾ അവൾ ദൈവത്തിന് കാഴ്ചവച്ചു. വി. കുർബാനകൾ കാഴ്ചവച്ചു, പരിത്യാഗങ്ങൾ അനുഷ്ഠിച്ചു. 1887 സെപ്റ്റംബർ 1-ാം തീയതി പത്രത്തിൽ ഇങ്ങനെ വായിച്ചു: ഫ്രാൻസീനിയുടെ തല വധയന്ത്രത്തിൽ വയ്ക്കാൻ തുടങ്ങിയപ്പോൾ അയാൾ തിരിഞ്ഞ് പുരോഹിതൻ

നീട്ടിപ്പിടിച്ച ക്രൂശിതരൂപത്തിൽ പിടിച്ച് തിരുമുറിവുകളെ മൂന്നു പ്രാവശ്യം ചുംബിച്ചു. "അനുതാപം ആവശ്യമില്ലാത്ത തൊണ്ണൂറ്റൊൻപതു നീതിമാന്മാരെക്കുറിച്ച് എന്നതിനെക്കാൾ അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് സ്വർഗ്ഗത്തിൽ കൂടുതൽ സന്തോഷം ഉണ്ടാകും" (ലൂക്കാ. 15:7) എന്ന് പ്രഖ്യാപിക്കുന്ന യേശുവിന്റെ കരുണാപൂർവകമായ വചനം കേട്ട് അയാൾ ലോകം വിട്ടുപോയി.

തടവുകാരെ നിത്യനാശത്തിൽ നിന്നു സ്വതന്ത്രരാക്കാൻ കത്തോലിക്കരായ നമുക്ക് വിശുദ്ധ കൊച്ചുത്രേസ്യയ്ക്കെന്നപോലെ വലിയ ഉത്തരവാദിത്വമുണ്ട്. തടവുകാരുടെ ദയനീയ സ്ഥിതിയെപ്പറ്റി നാം ചിന്തിച്ചിട്ടുണ്ടോ? അവരുടെ സഹനം? അപമാനം? പ്രതീക്ഷയില്ലായ്മ? നിസ്സഹായമനോഭാവം? മനുഷ്യത്വത്തിനു യോജിക്കാത്ത അവസ്ഥകൾ? അവരുടെ കുടുംബങ്ങൾ? ഇരകളാക്കപ്പെട്ടവരും അവരുടെ കുടുംബങ്ങളും? മിക്കപ്പോഴും തടവറകൾ തിങ്ങിഞെരുങ്ങിയതും വേണ്ടത്ര ഉദ്യാഗസ്ഥരില്ലാത്തതും അനാരോഗ്യപരവും സാമ്പത്തിക പരിമിതികളാൽ ശോചനീയവുമായി കാണപ്പെടാറുണ്ട്. നാം എന്നെങ്കിലും അവർക്കുവേണ്ടി പ്രാർത്ഥിച്ചിട്ടുണ്ടോ: അവർക്ക് ഒരു എഴുത്തയച്ചിട്ടുണ്ടോ? അവരെ സന്ദർശിച്ചിട്ടുണ്ടോ? ഇത് കർത്താവു തന്നെ പറഞ്ഞതാണ്: "ഞാൻ കാരാഗൃഹത്തിലായിരുന്നു; നിങ്ങൾ എന്നെ സന്ദർശിച്ചോ"? സുപ്രധാനമായ ഈ ദൗത്യം നമ്മെ ഓർമ്മിപ്പിക്കുന്നതിനുവേണ്ടി ഭാരത കത്തോലിക്കസഭ തടവറ പ്രേഷിത പ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥനായ വി. മാക്സ്മില്യൻ മരിയ കോൾബേയുടെ തിരുനാൾ ദിനമായ ആഗസ്റ്റ് 14-നു മുൻപ് വരുന്ന ഞായറാഴ്ച തടവുകാർക്കുവേണ്ടി മാറ്റിവച്ചിരിക്കുകയാണ്. യേശുസാഹോദര്യ ശുശ്രൂഷാ ഞായർ എന്നാണ് അത് അറിയപ്പെടുന്നത്.

ക്രിമിനൽ പോളിസി ഇൻസ്റ്റിറ്റ്യൂട്ടിന്റെ (ഐ.സി.പി.ആർ.) റിപ്പോർട്ട് അനുസരിച്ച് 2018 സെപ്റ്റംബർ 30-ന് ലോകത്തിൽ ഒരു കോടി ഏഴു ലക്ഷത്തി നാല്പത്തിമൂവായിരത്തി അറുനൂറ്റി പത്തൊമ്പത് തടവുകാരുണ്ട്. ഇന്ത്യയിൽ നാലു ലക്ഷത്തി പത്തൊമ്പതിനായിരത്തി അറുനൂറ്റി ഇരുപത്തിമൂന്ന് സഹോദരങ്ങൾ തടവറകളിലുണ്ട്. അവർക്കുവേണ്ടി പ്രാർത്ഥിക്കാനും അവരെ സന്ദർശി

ക്കാനും അവരുടെ മോചനത്തിനുവേണ്ടിയുള്ള നിയമാനുസൃതമായ പ്രക്രിയയിൽ സഹായിക്കാനും അവരുടെ ജീവിത നവീകരണം, പുനരധിവാസം, അവരുടെ കുടുംബങ്ങൾ എന്നീ മേഖലകളിൽ ശ്രദ്ധ പതിപ്പിക്കാനും നമുക്ക് കടമയുണ്ട്; എന്തെന്നാൽ തടവറക്കാർ നമ്മുടെ സഹോദരങ്ങളാണ്. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവർ (ഉത്പ. 1:27). കുറ്റക്കാരെ കർശനമായി നേരിടണമെന്നും അവർക്കു കഠിനമായ ശിക്ഷ നല്കണമെന്നും ചിന്തിക്കുന്നവരാണ് നമ്മിൽ ഭൂരിഭാഗം ആളുകളും. അതു കുറെയൊക്കെ സാധൂകരിക്കാവുന്നതുമാണ്. കുറ്റങ്ങൾ കുറയ്ക്കാൻ അത് സഹായകരമാണെന്നു പൊതുവേ കരുതപ്പെടുന്നു. പ്രത്യേകിച്ച്, ആക്രമണത്തിന് വിധേയരായവരുടെ അവകാശങ്ങളോടുള്ള താത്പര്യവും അവരോടുള്ള അനുകമ്പയും കുറ്റവാളികളോട് ഒരു പ്രതികാരമനോഭാവം ഉണർത്തുവാൻ ഇടയാക്കുന്നു എന്ന് സമ്മതിക്കണം. ഈ സാഹചര്യത്തിൽ കുറ്റംചെയ്യുന്നവരോടുള്ള കത്തോലിക്കരുടെ പ്രതികരണമെന്തായിരിക്കണം? സുവിശേഷമൂല്യങ്ങളാൽ നയിക്കപ്പെട്ട് അവരെ മാനസാന്തരത്തിലേക്ക് നയിക്കണമെന്ന് തിരുസഭ സഭാമക്കളെ ഓർമ്മിപ്പിക്കുന്ന ദിനമാണിന്ന്.

യേശു പ്രത്യേകമായ വിധത്തിൽ തടവറക്കാരെയും വേശ്യകളെയും ചുങ്കം പിരിക്കുന്നവരെയും കുറ്റവാളികളെയും സ്നേഹിക്കുകയും അവരെ രക്ഷിക്കാൻ തന്റെ രക്തം ചിന്തുകയും ചെയ്തു. അവിടുന്നു പറഞ്ഞു: “ചുങ്കക്കാരും വേശ്യകളുമായിരിക്കും നിങ്ങൾക്കു മുമ്പേ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക” (മത്താ. 21:31). അവിടുന്ന് മത്തായിയുടെ ചുങ്കപ്പിരിവു കേന്ദ്രം സന്ദർശിക്കുകയും അദ്ദേഹത്തെ തന്റെ ശിഷ്യനാക്കുകയും ചെയ്തു. പാപികളുടെയും ചുങ്കക്കാരുടെയും കൂടെ ഇരുന്ന് ഭക്ഷണം കഴിച്ചപ്പോൾ യേശു പറഞ്ഞു: താൻ നീതിമാന്മാരെ വിളിക്കാനല്ല പാപികളെ അനുതാപത്തിലേക്ക് വിളിക്കാനാണ് വന്നതെന്ന് (ലൂക്കാ. 5:32). നസ്രത്തിലെ സിനഗോഗിൽ വച്ച് യേശു “ബന്ധനസ്ഥർക്ക് മോചനം പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു” എന്നും (ലൂക്കാ. 4:18) താൻ വിശക്കുന്നവരിലും ദാഹിക്കുന്നവരിലും വിജാതീയരിലും ദരിദ്രരിലും രോഗി

കളിലും ബന്ധനസ്ഥരിലും ജീവിക്കുന്നു എന്നും വെളിപ്പെടുത്തിയിരിക്കുന്നു (മത്താ. 25:31-46).

തടവറ ശുശ്രൂഷാ ഞായറാഴ്ചയുടെ 2019-ലെ പ്രമേയം "ഭിത്തികൾ തടവറകൾ സൃഷ്ടിക്കുന്നില്ല" എന്നതാണ്. റിച്ചാർഡ് പോളിന്റെ 'തടവറയിൽ നിന്ന് അൾത്താരയിലേക്ക്' (From prison to the Altar) എന്നു പേരുള്ള കവിതയിൽ നിന്നാണ് ഈ ആപ്ത വാക്യം എടുത്തിട്ടുള്ളത്. വെസ്റ്റ് മിനിസ്റ്റർ ആബിയുടെ അടുത്തുള്ള ഗെയ്റ്റ് ഹൗസ് പ്രിസൺ എന്ന ജയിലിൽ തടങ്കൽ വാസമനുഭവിക്കുമ്പോഴാണ് ഈ കവിത അദ്ദേഹം എഴുതിയത്. കരിങ്കൽ ഭിത്തികളും ഇരുമ്പഴികളും സ്വതന്ത്രമായ ശാരീരിക ചലനത്തിൽ നിന്നും വ്യക്തികളെ തടയുന്നു. പക്ഷേ, ഇനിയും സ്വതന്ത്രരായി സ്നേഹിക്കുവാൻ കഴിയുമെങ്കിൽ അവരുടെ ചിന്തകൾ സ്വതന്ത്രമായി പറക്കുന്നു. അപ്പോൾ അവർ ഹൃദയത്തിലും മനസ്സിലും ആത്മാവിലും സ്വതന്ത്രരാണ്. ജയിൽവാസം ഒരുവന്റെ ചിന്തകളെയും ഭാവനയെയും സ്വപ്നങ്ങളെയും കാഴ്ചകളെയും, ഉൾക്കാഴ്ചകളെയും പദ്ധതികളെയും തടയുന്നില്ല. നിങ്ങൾക്ക് മനസ്സിന്റെ ശരിയായ ചട്ടക്കൂടുണ്ടെങ്കിൽ, നിങ്ങളുടെ മനസ്സ് നിഷ്കളങ്കവും പ്രശാന്തവുമാണെങ്കിൽ മറ്റുള്ളവർ തടവറയായി കാണുന്നതിനെ അഭയകേന്ദ്രമായി, ആശ്രയമായി കാണാനാവും. അവിടെ പരിഷ്കാരങ്ങളും ജീവിതനവീകരണങ്ങളുമുണ്ടാകും. എന്തെന്നാൽ ദൈവത്തിന് ഒന്നും അസാധ്യമല്ല (ലൂക്കാ. 1:37).

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ 2019 ജനുവരി 25-ന് പനാമയിലെ ലാസ് ഗർസാസ് ദെപക്കോറാ എന്ന സ്ഥലത്ത് പ്രായപൂർത്തിയാവാത്തവരെ തടവിൽ പാർപ്പിക്കുന്ന കേന്ദ്രത്തിൽ നടത്തിയ അനുതാപ ലിറ്റർജിയിൽ പാപികളെയും കുറ്റക്കാരെയും അകറ്റിനിർത്താൻവേണ്ടി സമൂഹം അദൃശ്യഭിത്തികൾ നിർമ്മിക്കുന്നതിനെ അപലപിച്ചു. അദ്ദേഹം പ്രഭാഷണത്തിൽ ഇങ്ങനെ ആഹ്വാനം ചെയ്തു. "തിന്മയെ നന്മ കൊണ്ടും ദ്രോഹത്തെ ക്ഷമ കൊണ്ടും കീഴടക്കാനും എല്ലാവരോടും സമാധാനത്തിൽ ജീവിക്കാനും വേണ്ടി ഭിത്തികൾ നിർമിക്കാതെ പാലങ്ങൾ നിർമ്മിക്കാൻ ഞാൻ നിങ്ങളെ ക്ഷണിക്കുന്നു." ലോകത്തിലെല്ലാം വധശിക്ഷ

ഇല്ലാതാക്കാൻ ഫ്രാൻസിസ് പാപ്പാ പരിശ്രമിക്കുന്നു. നമുക്ക് അദ്ദേഹത്തോട് ചേർന്നു നിൽക്കാം. കാരണം, വധശിക്ഷ മനുഷ്യത്വത്തെ ആക്രമിക്കലാണ്. ഇത്തരുണത്തിൽ ഭാരതത്തിൽ ഈ അടുത്തിടെ പാസ്സാക്കിയ വധശിക്ഷാനിയമം - കുഞ്ഞുങ്ങളെ ലൈംഗികമായി പീഡിപ്പിക്കുന്നവർക്കുള്ള വധശിക്ഷാനിയമം - ഏറെ വേദനയോടെയാണ് കാണുന്നത്. കുഞ്ഞുങ്ങൾക്കും വെല്ലുവിളികൾ നേരിടുന്നവർക്കും എതിരേ നടക്കുന്ന ഇത്തരത്തിലുള്ള അതിക്രമങ്ങൾ തീർത്തും അപലപനീയവും ഗൗരവമായ കുറ്റവും ആണ്. എന്നാൽ അതിന്റെ പേരിൽ കുറ്റക്കാരെ വധിക്കുന്ന നിയമം വീണ്ടും അപകടകരവും മനുഷ്യത്വഹീനവുമാണ്. ജീവൻ ദൈവത്തിന്റെ ദാനമാണ്. അത് പരിപോഷിപ്പിക്കപ്പെടുകതന്നെ വേണം.

യേശു സാഹോദര്യകൂട്ടായ്മയുടെ അഥവാ തടവറ പ്രേഷിത കൂട്ടായ്മയുടെ പ്രസക്തി ഇന്ന് എന്നത്തേതിനേയുംകാൾ വലുതാണ്. ജീസസ്സ് ഫ്രട്ടേണിറ്റി, തടവറകളിൽ ശുശ്രൂഷചെയ്യുന്നവരുടെ ഒരു കൂട്ടായ്മയാണ്. കഴിഞ്ഞ 33 വർഷങ്ങളായി കേരളത്തിലെ 55-ഓളം വരുന്ന ജയിലുകൾ സന്ദർശിക്കുകയും തടവറയിലെ സഹോദരങ്ങൾക്ക് ഭാവാത്മകമായ ചിന്തകളിലൂടെയും ക്ലാസുകളിലൂടെയും കൗൺസിലിങ്ങുകളിലൂടെയും ക്രൈസ്തവരായവർക്ക് പരിശുദ്ധ കുർബ്ബാനയും കുമ്പസാരവും പരികർമ്മം ചെയ്യുന്നതിലൂടെയും ശരിയായ ജീവിതദർശനം പകർന്നു നൽകി നല്ല ചിന്തകളാൽ അവരുടെ മനസ്സിനെ നിറയ്ക്കുകയും ചെയ്യുന്നതിൽ ഈ കൂട്ടായ്മ അങ്ങേയറ്റം ശ്രദ്ധിക്കുന്നു. കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ജസ്റ്റീസ് പീസ് ആന്റ് ഡെവലപ്പ്മെന്റ് എന്ന കമ്മീഷന്റെ കീഴിൽ ഒരു വിഭാഗമായി ജീസസ്സ് ഫ്രട്ടേണിറ്റി പ്രവർത്തിക്കുന്നു. ജയിലുകൾ മാത്രമല്ല തടവറയിലെ സഹോദരരുടെയും കുറ്റകൃത്യങ്ങൾക്ക് ഇരയായവരുടെയും ഭവനങ്ങൾ സന്ദർശിക്കുകയും കുടുംബങ്ങൾക്ക് ആശ്വാസമേകുകയും ജയിൽ മോചിതരായവരെയും അവരുടെ മക്കളെയും ജീസസ്സ് ഫ്രട്ടേണിറ്റിയുടെ പുനരധിവാസകേന്ദ്രങ്ങളിൽ താമസിപ്പിച്ച് പഠിപ്പിക്കുകയും വിവാഹപ്രായമെത്തിയവരെ വിവാഹം കഴിപ്പിച്ചയ്ക്കാൻ സഹായിക്കുകയും ചെയ്യുക എന്നതെല്ലാം ഈ കൂട്ടായ്മ കഴിഞ്ഞ 33 വർഷമായി ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളാണ്.

പതിനൊന്ന് പുനരധിവാസകേന്ദ്രങ്ങൾ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്നു. മൂന്നെണ്ണം വീതം പുരുഷന്മാർക്കും സ്ത്രീകൾക്കും ബാക്കി കുട്ടികൾക്കും വേണ്ടിയുമാണ് നിജപ്പെടുത്തിയിരിക്കുന്നത്. തടവറയിൽ നിന്നിറങ്ങുന്നവരെ പുരനധിവസിപ്പിക്കാനുള്ള കേന്ദ്ര ങ്ങൾ ഇന്ത്യയിൽത്തന്നെ യേശുസാഹോദര്യകൂട്ടായ്മയ്ക്ക് മാത്ര മാണുള്ളത്. 2550-ൽ പരം തടവറക്കാരെ പുനരധിവസിപ്പിക്കാനും സാധാരണ ജീവിതത്തിലേക്ക് കൊണ്ടുവരാനും യേശുസാഹോദ ര്യകൂട്ടായ്മയ്ക്ക് സാധിച്ചിട്ടുണ്ട്. തൃശ്ശൂർ വെട്ടുക്കാട്ടിൽ പുരുഷ ന്മാർക്കുള്ള കേന്ദ്രവും തിരുവനന്തപുരം മൺവിളയിൽ സ്ത്രീകൾ ക്കുള്ള കേന്ദ്രവും യേശുസാഹോദര്യത്തിന്റെ നേരിട്ടുള്ള സംര ക്ഷണയിലും നിയന്ത്രണത്തിലുമാണ്. 1990-ൽ ആരംഭിച്ച ഈ പുന രധിവാസ കേന്ദ്രങ്ങളിൽ നിന്ന് നൂറിലധികം പെൺകുട്ടികളെ നാളി തുവരെ വിവാഹം കഴിപ്പിച്ച് അയച്ചിട്ടുണ്ട്. 500-ൽ പരം കുടുമ്പ ങ്ങൾ പുനരധിവസിപ്പിക്കപ്പെട്ടു. അവരുടെ കൂട്ടായ്മകൾ വിളിച്ചു ചേർക്കുകയും അവരുടെ മക്കൾക്കായി എല്ലാവർഷവും ക്യാമ്പുകൾ സംഘടിപ്പിച്ച് പഠനോപകരണങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. കേരളത്തിലെ തടവറകളിൽ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്ന പ്രവർത്തനങ്ങൾക്ക് അംഗീകാരമെന്നോണം ജയിൽ വകുപ്പ് എല്ലാ ജയിലുകളും സന്ദർശിക്കാൻ ഈ കൂട്ടായ്മയ്ക്ക് മാത്രം ഒരു പൊതു അംഗീകാരം നൽകിയിട്ടുണ്ട്.

കേരളത്തിലെ 33 രൂപതകളിലും ഡയറക്ടർ അച്ചന്മാരുടെ നേതൃത്വത്തിൽ 46-ഓളം യൂണിറ്റുകളിലായി 1000-ത്തിൽ പരം വോളണ്ടിയർമാർ പ്രത്യക്ഷമായും പരോക്ഷമായും ഈ ശുശ്രൂഷ യിൽ പങ്കുചേരുന്നു. കേരളത്തിലെ ഒൻപത് മേജർ സെമിനാരിക ളിലും ജീസസ് ഫ്രട്ടേണിറ്റി യൂണിറ്റുകൾ ഭംഗിയായി പ്രവർത്തി ക്കുന്നുണ്ട്. സെമിനാരിക്കാർ ഈ രംഗത്ത് ചെയ്യുന്ന ശുശ്രൂഷ സ്തുത്യർഹമാണ്. അനേകം അല്മായരും സിസ്റ്റേഴ്സും ഈ പ്രവർത്തനത്തിൽ പങ്കുചേരുന്നു. അവർക്കെല്ലാം ഹൃദയപൂർവക മായ അനുമോദനങ്ങളും നന്ദിയും അർപ്പിക്കട്ടെ. തടവറ പ്രേഷിത ദിനത്തിൽ ഇടവകയിൽ ശേഖരിക്കുന്ന പിരിവുകൊണ്ടാണ് ജീസസ് ഫ്രട്ടേണിറ്റിയുടെ ബഹുമുഖപ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടു

പോകുന്നത്. ഈ വർഷവും ആ പിരിവ് നടത്തി പി.ഒ.സി.യിൽ പ്രവർത്തിക്കുന്ന ജീസസ് ഫ്രട്ടേണിറ്റിയുടെ സംസ്ഥാന ഓഫീസിലേക്ക് അയച്ചുകൊടുക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. എല്ലാവരുടെയും ഔദാര്യപൂർണമായ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകുമല്ലോ.

ജീസസ്സ് ഫ്രട്ടേണിറ്റിക്ക് എല്ലാവിധ നന്മകളും നേരുന്നതോടൊപ്പം ആഗതമാകുന്ന ഭാരതസ്വാതന്ത്ര്യദിനം നമ്മെ യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്കും നന്മയിലേയക്കും നയിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു. ദൈവാനുഗ്രഹം നേർന്നുകൊണ്ട്,

ജീസസ്സ് ഫ്രട്ടേണിറ്റിക്കുവേണ്ടി,

**ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ്**
ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റീസ് പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ

**ആർച്ചുബിഷപ്പ് ജോസഫ് കളത്തിപ്പറമ്പിൽ**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റീസ് പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**
വൈസ് ചെയർമാൻ, ക.സി.ബി.സി. ജസ്റ്റീസ് പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ

പി.ഒ.സി. കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

NB: 2019 ആഗസ്റ്റ് 11-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.




മേജർ അതിഭദ്രാസന അസംബ്ലി അംഗങ്ങൾ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയോടൊപ്പം. (ഗിരിദീപം, നാലാഞ്ചിറ, 24 – 07 – 2019).

KL/TV(N)461/2009-11 RN, KERBIL 01108/11/1/97-TC
THIRUVANANTHAPURAM MAJOR ATHIBHADRASANA BULLETIN, PRICE RS.5/-

## മെത്രാഭിഷേക വാർഷികം

(ആഗസ്റ്റ് 15)



## ശ്രേഷ്ഠാചാര്യ ശുശ്രൂഷയിൽ പതിനെട്ട് വർഷം പിന്നിടുന്ന മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ തിരുമേനിയ്ക്ക്

## പ്രാർത്ഥനാശംസകൾ

Printed and Published by the Chancellor, Major Archdiocese of Trivandrum
Printed at St. Mary's Press, Pattom, Trivandrum - 4
Phone : 0471 - 2446116